2023
OCTOBER
06
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# സിക്കിം മിന്നൽപ്രളയം: 6 സൈനികർ ഉൾപ്പടെ മരണം 17

## നൂറോളം പേരെ കാണാനില്ല

**ഗാങ്ടോക്ക്:** സിക്കിമിൽ മേഘസ്ഫോടനത്തെത്തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ ആറ് സൈനികർ ഉൾപ്പടെ 17 പേർ മരിച്ചു. സൈനികരടക്കം നൂറോളം പേരെ കാണാതായി. കാണാതായ സൈനികരുടെ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. പ്രളയത്തിൽ ഒലിച്ചുപോയവർക്കായി തിരച്ചിൽ തുടരുകയാണ്. ദേശീയ ദുരന്തനിവാരണ സേനയുടെ കൂടുതൽ സംഘങ്ങളെ കേന്ദ്ര സർക്കാർ സിക്കിമിലേക്ക് അയച്ചു.



ഒക്ടോബർ 15 വരെ സിക്കിമിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. ടീസ്റ്റ നദിയിലൂടെ കുത്തിയൊലിച്ചെത്തിയ പ്രളയജലം വടക്കൻ സിക്കിമിലെ ചുങ്താം ഡാമും ജലവൈദ്യുതിനിലയവും തകർത്തെറിയുകയായിരുന്നു. ടീസ്റ്റ നദിക്കരയിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റിയതായി അധികൃതർ അറിയിച്ചു. കരസേന, ദുരന്ത നിവാരണ സേന എന്നിവയുടെ നേതൃത്വത്തിൽ ഇവർക്ക് ഭക്ഷണവും മറ്റു സഹായങ്ങളുമെത്തിച്ചു. മിന്നൽ പ്രളയം സംഹാരതാണ്ഡവമാടിയ സിക്കിമിൽ 11 പാലങ്ങളും 277 വീടുകളും ഒലിച്ചുപോയിട്ടുണ്ട്.

സിക്കിമിനെ രാജ്യത്തിന്റെ മറ്റുഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന ദേശീയപാത പലയിടങ്ങളിലും ഒലിച്ചുപോയതോടെ, സംസ്ഥാനവുമായി കരമാർഗമുള്ള ബന്ധം ഏറെക്കുറെ വിച്ഛേദിക്കപ്പെട്ടു. ഗാങ്ടോക്കിൽനിന്ന് 30 കിലോമീറ്റർ അകലെയുള്ള ഇന്ദ്രേനി പാലം അടക്കം 14 പാലങ്ങളും തകർന്നു.



## സർക്കാർ തിയറ്ററുകളിലെ ബുക്കിങ് സൈറ്റ് പ്രവർത്തനം നിലച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ തിയറ്ററുകളിൽ കുറഞ്ഞ ചെലവിൽ ഓൺലൈൻ ടിക്കറ്റ് ബുക്ക് ചെയ്യാനായി ആരംഭിച്ച ബുക്കിങ് സൈറ്റ് പ്രവർത്തനം നിലച്ചു. സർക്കാർ സംവിധാനത്തിൽ ആരംഭിച്ച കേരള ഫിലിംസ് എന്ന സൈറ്റാണ് നോക്കുകുത്തിയായത്. സൈറ്റിൽ സംശയനിവാരണത്തിനും ടിക്കറ്റ് ബുക്കിങ്ങിലെ സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം തേടിയും വിളിക്കാനായി നൽകിയിട്ടുള്ള ലാൻഡ് ഫോൺ നമ്പറും പ്രവർത്തനരഹിതമായി. 0471 2773170 എന്ന നമ്പറാണ് നിശ്ചലമായത്.

സൈറ്റിൽ പുതിയ ചിത്രങ്ങളുടെ പോസ്റ്ററും മറ്റും ഉണ്ടെങ്കിലും തിയറ്റർ, ഷോ സമയം, തീയതി തുടങ്ങിയവ ഒന്നും തിരഞ്ഞെടുക്കാൻ സാധിക്കില്ല. ഓൺലൈൻ ബുക്കിങ് ഈ ചിത്രത്തിന് ഇല്ലെന്ന അറിയിപ്പാണ് സൈറ്റിൽ കാണിക്കുക. മുൻപും സൈറ്റ് പണിമുടക്കിയിട്ടുണ്ടെങ്കിലും സ്വകാര്യ ബുക്കിങ് സൈറ്റുകളിലേക്ക് സർക്കാർ തിയറ്ററുകളെ കൂടി ചേർത്തതിനു പിന്നാലെയാണ് പൂർണമായും പ്രവർത്തനം അവസാനിപ്പിച്ചത്. കേരള ചലച്ചിത്ര വികസന കോർപറേഷനാണ് ഓൺലൈൻ ടിക്കറ്റ് സംവിധാനം ആരംഭിച്ചത്. സ്വകാര്യ ബുക്കിങ് സൈറ്റുകളെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുമെന്നതിനാൽ സാധാരണക്കാർക്ക് ആശ്രയമായിരുന്ന സംവിധാനമാണ് ഇല്ലാതായത്.

## വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ കേരളത്തിലെ ആദ്യത്തെ ഫ്രീ ട്രേഡ് വെയർഹൗസിങ് സോൺ



**കൊച്ചി :** കേരളത്തിലെ ആദ്യത്തെ ഫ്രീ ട്രേഡ് വെയർഹൗസിങ് സോൺ (എഫ്ടിഡബ്ല്യുസെഡ്) കൊച്ചി തുറമുഖത്തിനു കീഴിലുള്ള വല്ലാർപാടം രാജ്യാന്തര കണ്ടെയ്നർ ടെർമിനലിൽ സജ്ജമാകും. ടെർമിനൽ ഓപ്പറേറ്റർമാരായ ഡിപി വേൾഡാണു കൊച്ചിൻ ഇന്റഗ്രേറ്റഡ് ബിസിനസ് പാർക്ക് എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നത്. അടുത്ത വർഷം ആദ്യ പാദത്തിൽ പദ്ധതി സജ്ജമാകുമെന്നാണു പ്രതീക്ഷ. ദക്ഷിണേന്ത്യയിൽ തുറമുഖ ടെർമിനലിനുള്ളിൽ സ്ഥാപിക്കുന്ന ആദ്യത്തെ എഫ്ടിഡബ്ല്യുസെഡ് എന്ന പ്രത്യേകതയും പദ്ധതിക്കുണ്ട്. ആദ്യ ഘട്ടത്തിൽ 85 കോടി രൂപയായിരിക്കും പദ്ധതിക്കായി ചെലവിടുക.

കൊച്ചിക്കു പുറമേ, മുംബൈ, ചെന്നൈ എന്നിവിടങ്ങളിലും ഡിപി വേൾഡ് ഫ്രീ ട്രേഡ് സോണുകൾ സ്ഥാപിക്കും. ആകെ, മുതൽമുടക്ക് 600 കോടിയിലേറെ രൂപ.

ഫ്രീ ട്രേഡ് സോൺ പ്രത്യേക സാമ്പത്തിക മേഖലയാണ്. ആഗോളതലത്തിലുള്ള വ്യാപാര വേദി എന്നു വിശേഷിപ്പിക്കാം. ചുരുങ്ങിയ വാടക ഈടാക്കി വെയർഹൗസിൽ ചരക്കു സൂക്ഷിക്കാനും കൈമാറ്റം ചെയ്യാനും സൗകര്യമൊരുക്കുകയാണു ഫ്രീ ട്രേഡ് സോണുകളുടെ ദൗത്യം. നികുതി ഇളവുകളും ഒട്ടേറെ ആനുകൂല്യങ്ങളും ലഭിക്കും. ഫ്രീ ട്രേഡ് സോണിനുള്ളിൽ ഇറക്കുമതി, കയറ്റുമതി ചരക്ക് 2 വർഷം വരെ നികുതിയില്ലാതെ സൂക്ഷിക്കാം; നിബന്ധനകൾക്കു വിധേയമായി 5 വർഷം വരെയും.

1.2 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള വെയർഹൗസിങ് സൗകര്യമാണു ഡിപി വേൾഡ് ഒരുക്കുന്നത്. ചരക്ക് എത്തിക്കാനുള്ള സൗകര്യമാണു ടെർമിനലിന്റെ പ്രത്യേകത. ദേശീയ പാതകളായ എൻഎച്ച് 66 (കൊച്ചി മുംബൈ), എൻഎച്ച് 544 (കൊച്ചി സേലം, കോയമ്പത്തൂർ), എൻഎച്ച് 85 (കൊച്ചി  മധുര, രാമേശ്വരം) എന്നിവയുടെ സാമീപ്യം തന്നെ പ്രധാനം.

## സാഹിത്യ നൊബേൽ നോർവീജിയൻ എഴുത്തുകാരൻ യോൻ ഫോസെയ്ക്ക്

**സ്റ്റോക്കോം:** 2023 ലെ സാഹിത്യ നൊബേൽ പുരസ്കാരം നോർവീജിയൻ എഴുത്തുകാരൻ യോൻ ഫോസെയ്ക്ക്. നാടകം, നോവൽ, കവിത, ലേഖനം, ബാലസാഹിത്യം, വിവർത്തനം തുടങ്ങിയ ശാഖകളിലായി എഴുപതിലേറെ രചനകൾ നടത്തിയിട്ടുള്ള ഫോസെ യൂറോപ്പിലെ ഏറ്റവും പ്രശസ്തരായ സമകാല നാടകകൃത്തുക്കളിൽ ഒരാളാണ്. തന്റെ എഴുത്തിലൂടെ, നിശബ്ദരാക്കപ്പെട്ടവരുടെ ശബ്ദമാകുകയായിരുന്നു ഫോസെ എന്ന് നൊബേൽ പുരസ്കാര സമിതി വിലയിരുത്തി.

1959 ൽ പടിഞ്ഞാറൻ നോർവേയിലെ ഹോഗിസൻ എന്ന പട്ടണത്തിലാണ് യോൻ ഫോസെ ജനിച്ചത്. കുട്ടിക്കാലത്ത് ഉണ്ടായ ഒരു ഗുരുതമായ അപകടത്തിന്റെ അനുഭവം പിൽക്കാലത്ത് എഴുത്തിൽ പ്രതിഫലിച്ചു. 1983 ലാണ് ആദ്യ നോവൽ റെഡ്, ബ്ലാക്ക് പ്രസിദ്ധീകരിച്ചത്. 1989 ൽ പുറത്തിറങ്ങിയ ബോട്ട്ഹൗസ് എന്ന നോവൽ ഫോസെയെ പ്രശസ്തനാക്കി. ആദ്യ നാടകം സംവൺ ഈസ് ഗോയിങ് ടു കം 1992 ലാണ് എഴുതിയത്. പക്ഷേ ആദ്യം അവതരിപ്പിക്കപ്പെട്ടത് ആൻഡ് വി വിൽ നെവർ ബി പാർട്ടഡ് ആണ്; 1994 ൽ. അതോടെ നാടകകൃത്ത് എന്ന നിലയിൽ ഫോസെ ശ്രദ്ധേയനായി. കൃതികൾ നാൽപതിലേറെ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.



# ഫണ്ടോപ്ലിക്കേഷൻ വിജയകരമാക്കി അപ്പോളോ അഡ്‌ലക്സ് ആശുപത്രി



**കൊച്ചി:** ആമാശയത്തിലെ ആസിഡ് അന്നനാളത്തിലേക്ക് തിരികെ ഒഴുകുന്ന മാരകമായ അവസ്ഥയായ ഗ്യാസ്ട്രോഈസോഫേജിയൽ റിഫ്ലക്സ് ഡിസീസ് (ഏള്ളഞള) ചികിത്സിക്കുന്നതിനുള്ള കേരളത്തിലെ ആദ്യത്തെ എൻഡോസ്കോപ്പിക് ഫണ്ടോപ്ലിക്കേഷൻ പ്രക്രിയ അപ്പോളോ അഡ്‌ലക്സ് ആശുപത്രി വിജയകരമായി പൂർത്തിയാക്കി. അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിലെ ലീഡ് ഇന്റർവെൻഷനൽ ഗ്യാസ്ട്രോ എൻട്രോളജിസ്റ്റ് ഡോ. മുഹമ്മദ് നൗഫലിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘമാണ് പ്രക്രിയ നടത്തിയത്.ശസ്ത്രക്രിയ കൂടാതെ വെറും 20 മിനിറ്റിനുള്ളിൽ ചെയ്യാവുന്ന പ്രക്രിയയാണ് എൻഡോസ്കോപ്പിക് ഫണ്ടോപ്ലിക്കേഷൻ എന്ന് ഗ്യാസ്ട്രോ എൻട്രോളജിസ്റ്റ് ഡോ. മുഹമ്മദ് നൗഫൽ പറഞ്ഞു.

ഗ്യാസ്ട്രോഈസോഫേജിയൽ റിഫ്ലക്സ് ഡിസീസ് ബാധിക്കുന്ന ആയിരക്കണക്കിന് രോഗികൾക്ക് സ്ഥിരമായി ആശ്വാസം നൽകുന്ന ചികിത്സയാണ് ഇത്. ഈ രോഗം നെഞ്ചെരിച്ചിൽ പോലുള്ള മറ്റ് ലക്ഷണങ്ങൾക്ക് കാരണമാകുന്നു. ചികിത്സിക്കാതെ വിട്ടാൽ അന്നനാളത്തിൽ കാൻസർ പോലുള്ള ഗുരുതരമായ സങ്കീർണതകൾക്ക് കാരണമാകാം. ജീവിതശൈലി മാറ്റങ്ങൾ, മരുന്നുകൾ, ശസ്ത്രക്രിയ എന്നിവയാണ് ഈ രോഗത്തിനുള്ള പരമ്പരാഗത ചികിത്സകൾ. എന്നാൽ, പല രോഗികൾക്കും ഈ ചികിത്സകൾ കൊണ്ട് കാര്യമായ മാറ്റം ഉണ്ടാകാറില്ലെന്ന് മാത്രമല്ല, പാർശ്വഫലങ്ങളും ഉണ്ടാകാറുണ്ട്. ഇത്തരം രോഗികൾക്ക് പുതിയ സാധ്യതയാണ് എൻഡോസ്കോപ്പിക് ഫണ്ടോപ്ലിക്കേഷൻ നൽകുന്നതെന്ന് ഡോ. നൗഫൽ പറഞ്ഞു.

ഉപയോഗശേഷം കളയാവുന്ന അത്യാധുനിക ജിഇആർഡിഎക്സ് എന്ന ഉപകരണം ഉപയോഗിച്ചുള്ള പ്രക്രിയ കേരളത്തിൽ ആദ്യമായി ഉപയോഗിക്കുന്നതും അപ്പോളോ അഡ്‌ലക്സ് ആശുപത്രിയാണ്. ഈ ഉപകരണം വായയിലൂടെ വയറ്റിലേക്ക് കടത്തിവിട്ട്, ആമാശയത്തിലെയും അന്നനാളത്തിലെയും കേടുപാടുകൾ തീർക്കുന്നതാണ് പ്രക്രിയ.

ഇത് ആമാശയത്തിലെ ആസിഡ് അന്നനാളത്തിലേക്ക് തിരികെ ഒഴുകുന്നത് തടയുന്നു. 95 ശതമാനത്തോളം വിജയസാധ്യതയുള്ള ഏറെ സുരക്ഷിതവും ഫലപ്രദവുമായ പ്രക്രിയയാണ് എൻഡോസ്കോപ്പിക് ഫണ്ടോപ്ലിക്കേഷനെന്ന് ഡോ. നൗഫൽ വ്യക്തമാക്കി.

പ്രക്രിയ കഴിഞ്ഞ് രോഗികൾക്ക് അതേ ദിവസം തന്നെ ആശുപത്രി വിടാവുന്നതാണ്. തുടർന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ സാധാരണ പ്രവർത്തനങ്ങൾ ചെയ്യാനും സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശസ്ത്രക്രിയ കൂടാതെ ജിഇആർഡി രോഗത്തിന് സുരക്ഷിതവും ഫലപ്രദവുമായ എൻഡോസ്കോപ്പിക് ഫണ്ടോപ്ലിക്കേഷൻ പ്രക്രിയ കേരളത്തിൽ ആദ്യമായി നൽകാൻ കഴിയുന്നതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്ന് അപ്പോളോ അഡ്‌ലക്സ് ആശുപത്രി സിഇഒ ബി സുദർശൻ പറഞ്ഞു. അതിനൂതനവും അത്യാധുനികവുമായ ചികിത്സകൾ രോഗികൾക്ക് നൽകുന്നതിന് അപ്പോളോ അഡ്‌ലക്സ് ആശുപത്രി പ്രതിജ്ഞാബദ്ധമാണ്. കേരളത്തിലെ ആരോഗ്യരംഗത്ത് സുപ്രധാന നാഴികക്കല്ലാണ് ഈ ചികിത്സാരീതിയെന്ന് ആശുപത്രിയിലെ മെഡിക്കൽ സർവീസസ് ഡയറക്ടർ ഡോ. ആർ രമേശ് കുമാർ പറഞ്ഞു.

അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ ആദ്യമായി എൻഡോസ്കോപിക് ഫണ്ടോപ്ലിക്കേഷൻ പ്രക്രിയ നടത്തിയതും സംസ്ഥാനത്ത് ആദ്യമായി ജിഇആർഡിഎക്സ് ഉപകരണം അവതരിപ്പിച്ചതും രോഗികൾക്ക് മികച്ച ചികിത്സാ സൗകര്യങ്ങൾ ഒരുക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയ്ക്കുള്ള തെളിവാണെന്നും അദ്ദേഹം വ്യക്തമാക്കി.

# ഡിപി വേൾഡ്, ഐസിസി, സച്ചിൻ ടെണ്ടുൽക്കർ കൂട്ടുകെട്ട്: ക്രിക്കറ്റിനായി ബിയോണ്ട് ബൗണ്ടറീസ്

**കൊച്ചി:** ലോകമെമ്പാടും ക്രിക്കറ്റിന്റെ വളർച്ച ലക്ഷ്യമിട്ടു ഡിപി വേൾഡ്, ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറും ഐസിസിയുമായി കൈകോർത്ത് ബിയോണ്ട് ബൗണ്ടറീസ് സംരംഭത്തിന് തുടക്കമിട്ടു.

തിന്റെ ഭാഗമായി ഡിപി വേൾഡ് വ്യാപാര ശൃംഖലകളും ലോജിസ്റ്റിക്സ് മികവും പ്രയോജനപ്പെടുത്തി പ്രാദേശിക ക്ലബ്ബുകളിലേക്ക് അമ്പത് ഷിപ്പിംഗ് കണ്ടെയ്നറുകളിൽ ക്രിക്കറ്റ് സാമഗ്രികൾ എത്തിക്കും.ബാറ്റ്, ഹെൽമെറ്റ്, ഗ്ലൗസ്,പാഡുകൾ എന്നിവയടങ്ങിയതാണ് ഓരോ കിറ്റും. 250 കിറ്റുകൾ ഉള്ളടക്കം ചെയ്ത ഓരോ ബിയോണ്ട് ബൗണ്ടറീസ് കണ്ടെയ്നറും മൾട്ടി പർപ്പസ് ആണ്. ഇൻബിൽറ്റ് സ്കോർബോർഡ്, സൺ പ്രൊട്ടക്ഷൻ, സീറ്റിങ് എന്നിവ ഉൾപ്പെടുന്ന ഇത് പവലിയനായും പ്രയോജനപ്പെടുന്നു.

കളിക്കാർക്ക് വിശ്രമിക്കാനും പാഡണിയാനും കണ്ടെയ്നറിൽ സൗകര്യമുണ്ട്. ആർട്ടിസ്റ്റ് സാധന പ്രസാദാണ് കണ്ടെയ്നർ രൂപകൽപ്പന ചെയ്തത്. സച്ചിന്റെ മാസ്റ്റർ ബ്ലാസ്റ്റർ പെരുമയിൽ നിന്ന് പ്രചോദമുൾക്കൊണ്ടും ആദർമർപ്പിച്ചുമുള്ളതാണ് ആദ്യ പത്തെണ്ണം.ഏകദിന ക്രിക്കറ്റ് ലോകകപ്പ് 2023നു മുന്നോടിയായി, ആദ്യത്തെ ബിയോണ്ട് ബൗണ്ടറീസ് കണ്ടെയ്നർ ഡിപി വേൾഡിന്റെ പുതിയ ഗ്ലോബൽ അംബാസഡറായ സച്ചിൻ ടെണ്ടുൽക്കർ മുംബൈ എൻഎസ്സിഐയിൽ അനാച്ഛാദനം ചെയ്തു. സച്ചിന്റെ കഠിനാധ്വാനവും നിശ്ചയദാർഢ്യവും അതിരുകൾക്കപ്പുറത്തേക്ക് വ്യാപാര ഇടപാടുകൾ നടത്തുന്ന ഡിപി വേൾഡിനും പ്രചോദനമാണെന്ന് ഡിപി വേൾഡ് മിഡിൽ ഈസ്റ്റ്, നോർത്ത് ആഫ്രിക്ക, ഇന്ത്യ സബ്കോണ്ടിനന്റ് ബിസിനസ്സ് ഡെവലപ്പ്മെന്റ് സീനിയർ വൈസ് പ്രസിഡണ്ട് കെവിൻ ഡിസൂസ പറഞ്ഞു.




# ബിഗ്റോക്ക് മോട്ടോർസ്പോർട്ട് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് ലീഗിലേക്ക്

**കൊച്ചി:** ഇന്ത്യയിലെ മോട്ടോർസ്പോർട്സിനെ പുനർനിർവചിക്കാനൊരുങ്ങുന്ന സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗ് (ഐഎസ്ആർഎൽ) പുതിയ ഒരു ടീമിനെ കൂടി പ്രഖ്യാപിച്ചു.

മുൻ സൂപ്പർക്രോസ്റാലി റൈഡ് ചാമ്പ്യനായ സി.എസ് സന്തോഷിനൊപ്പം, എൻ ഗൗതം, ഉദയ് ശങ്കർ എന്നിവർ ചേർന്നാണ് ബിഗ്റോക്ക് മോട്ടോർസ്പോർട്ട് എന്ന പേരിൽ വരാനിരിക്കുന്ന സീസണിൽ ഫ്രാഞ്ചൈസി ടീമിനെ സ്വന്തമാക്കിയത്. രാജ്യത്തെ ഏറ്റവും മികച്ച സൂപ്പർക്രോസ് റാലി റൈഡ് ചാമ്പ്യനായി കണക്കാക്കപ്പെടുന്ന സി.എസ് സന്തോഷ്, ബിഗ്റോക്ക് മോട്ടോർസ്പോർട്ടിന്റെ സഹ ഉടമ മാത്രമല്ല ഉപദേഷ്ടാവ് കൂടിയാണ്. ലീഗിൽ സിഎസ് സന്തോഷിന്റെ പങ്കാളിത്തം, ഇന്ത്യയിലെ മോട്ടോർസ്പോർട്സ് റൈഡർമാരിൽ കൂടുതൽ ആവേശം സൃഷ്ടിക്കുമെന്നാണ് കരുതുന്നത്. യുവതലമുറക്കും ഇത് കൂടുതൽ പ്രചോദനം നൽകും

# മൊബൈൽ ഡിവൈസ് പുറത്തിറക്കി എസ്ബിഐ

**കൊച്ചി:** കിയോസ്ക് ബാങ്കിങ് ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ നേരിട്ട് എത്തിക്കുന്ന ഉപകരണം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തിറക്കി.

പണം പിൻവലിക്കൽ, നിക്ഷേപിക്കൽ, പണം കൈമാറ്റം ചെയ്യൽ, ബാലൻസ് അന്വേഷണം, മിനി സ്റ്റേറ്റ്മെന്റ് എന്നീ അഞ്ചു സേവനങ്ങൾ കയ്യിൽ കൊണ്ടു നടക്കാവുന്ന ഈ മൊബൈൽ ഉപകരണത്തിലൂടെ തുടക്കത്തിൽ സാധ്യമാകും.സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ചേരൽ, അക്കൗണ്ട് തുടങ്ങൽ, കാർഡ് അധിഷ്ഠിത സേവനങ്ങൾ തുടങ്ങിയവയും ഇതിലൂടെ ഉടൻ തന്നെ അവതരിപ്പിക്കാൻ ബാങ്ക് ഉദ്ദേശിക്കുന്നുണ്ട്.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും, പ്രത്യേകിച്ച് ബാങ്കിങ് സേവനങ്ങൾ ലഭ്യമല്ലാത്തവർക്ക് സൗകര്യങ്ങൾ നൽകി ഫിനാൻഷ്യൽ ഇൻക്ലൂഷൻ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുകയാണ് തങ്ങൾ ഉദ്ദേശിക്കുന്നതെന്ന് എസ്ബിഐ ചെയർമാൻ ദിനേശ് ഖാരെ പറഞ്ഞു.

# ജിഎസ്ടി ഇല്ലാത്ത വിൽപനക്കാർക്കും അവസരം നൽകി മീഷോ

**കൊച്ചി:** ഇകോമേഴ്സ് വിപണിയായ മീഷോ ജിഎസ്ടി ഇല്ലാത്ത വിൽപ്പനക്കാർക്കും അവസരം ലഭ്യമാക്കി. 2023 ഒക്ടോബർ ഒന്നു മുതൽ ഇതിനായുള്ള സാങ്കേതികവിദ്യാ മാറ്റങ്ങൾ മീഷോ തങ്ങളുടെ സംവിധാനത്തിൽ ലഭ്യമാക്കിയതോടെ ദശലക്ഷക്കണക്കിനു പുതിയ വിൽപനക്കാർക്കാണ് ഓൺലൈനിലെത്താൻ അവസരം ലഭ്യമാകുന്നതെന്ന് മീഷോ സഹ സ്ഥാപകനും സിഇഒയുമായ വിദിത്ത് ആത്രേ പറഞ്ഞു. ഓരോ വർഷവും 12 ലക്ഷത്തോളം വിൽപനക്കാരാണ് ജിഎസ്ടി ഇല്ലാത്തതിനാൽ രജിസ്ട്രേഷൻ പ്രക്രിയക്കിടെ അതുപേക്ഷിച്ചു പോകുന്നതെന്നാണ് ഈ രംഗത്തു നിന്നുള്ള കണക്കുകൾ ചൂണ്ടിക്കാട്ടുന്നത്. .ജിഎസ്ടി ഇല്ലാത്ത വിൽപക്കാർക്കു സൗകര്യപ്രദമായ രീതിയിൽ നിരവധി മാറ്റങ്ങൾ മീഷോ തങ്ങളുടെ സംവിധാനത്തിൽ വരുത്തിയിട്ടുണ്ട്. ജിഎസ്ടിഎൻ ഉപയോഗിച്ചു രജിസ്ട്രേഷൻ നടത്തിയിരുന്ന സ്ഥാനത്ത് എന്റോൾമെന്റ് ഐഡിയോ യുഐഎനോ ഉപയോഗിച്ച് രജിസ്ടേഷൻ നടത്താം. കാറ്റലോഗ് അപ്ലോഡ് ചെയ്യുമ്പോൾ എച്ച്എസ്എൻ കോഡും ജിഎസ്ടി നിരക്കും നിർബന്ധമില്ലാതാക്കി. ചെറുകിട സംരംഭങ്ങളെ ഡിജിറ്റൽ യുഗത്തിലേക്ക് എത്തിക്കാൻ മീഷോ നിർണായക പങ്കാണു വഹിക്കുന്നതെന്നും വിദിത്ത് ആത്രേ പറഞ്ഞു.





ശംഭു നമ്പൂതിരി, കെ ജെ തോമസ്, ജോസഫ് തോമസ്

## ഐ. എ. സി. സി: ശംഭു നമ്പൂതിരി ചെയർമാൻ

**കൊച്ചി:** ഇൻഡോ അമേരിക്കൻ ചേംബർ ഓഫ് കൊമേഴ്‌സ് (ഐ.എ.സി.സി) കേരള ചാപ്റ്ററിന്റെ പുതിയ ചെയർമാനായി അസോസിയേറ്റഡ് റബർ കെമിക്കൽസ് മാനേജിങ് ഡയറക്ടർ ശംഭു നമ്പൂതിരി തിരഞ്ഞെടുക്കപ്പെട്ടു. കെ ജെ തോമസ് ആണ് ഒന്നാം വൈസ് ചെയർമാൻ. രണ്ടാം വൈസ് ചെയർമാനായി ജോസഫ് തോമസും തിരഞ്ഞെടുക്കപ്പെട്ടു. അടുത്ത ഒരു വർഷത്തേക്കാണ് ഭരണ സമിതിയുടെ കാലവധി. യുഎസിന്റെയും ഇന്ത്യൻ വ്യവസായത്തിന്റെയും ക്രോസ് സെക്ഷനെ പ്രതിനിധീകരിക്കുന്നതാണ് 1968ൽ സ്ഥാപിതമായ ഇൻഡോഅമേരിക്കൻ ചേംബർ ഓഫ് കൊമേഴ്‌സ്. ഇന്ത്യയുഎസ് സാമ്പത്തിക ഇടപെടൽ സമന്വയിപ്പിക്കുന്ന അപെക്‌സ് ബൈലാറ്ററൽ ചേംബർ കൂടിയാണ് ഐ.എ.സി.സി.

## കെസിബിസി ജാഗ്രത സദസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കെസിബിസി ജാഗ്രത കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പിഒസിയിൽ ആരംഭിച്ച പ്രതിമാസ ചർച്ചാവേദിയായ കെസിബിസി ജാഗ്രത സദസിന്റെ ഭാഗമായി ക്രിസ്തീയ ന്യൂനപക്ഷ അവകാശങ്ങൾ, വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിക്കപ്പെട്ടു.

കെസിബിസിയുടെ വിവിധ കമ്മീഷനുകളുടെയും വിവിധ സംഘടനകളുടെയും ഭാരവാഹികളുടെ സാന്നിധ്യത്തിൽ നടന്ന സമ്മേളനം മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ അധ്യക്ഷത വഹിച്ച ജാഗ്രത സദസിൽ, ക്രൈസ്തവ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ സംസ്ഥാന സർക്കാർ നിയമിച്ച കമ്മീഷന്റെ ചെയർമാൻ ജസ്റ്റിസ് ജെ.ബി. കോശി മുഖ്യ പ്രഭാഷണം നടത്തി. കെസിബിസി ജാഗ്രത കമ്മീഷൻ സെക്രട്ടറി ഫാ. മൈക്കിൾ പുളിക്കൽ CMI സ്വാഗതമാശംസിച്ചു. പ്രഫ. കെ.എം. ഫ്രാൻസിസ് ചർച്ചയിൽ മോഡറേറ്റർ ആയിരുന്നു. ഈ കാലഘട്ടത്തിൽ ക്രൈസ്തവ സമൂഹം നേരിടുന്ന പ്രതിസന്ധികൾ, പിന്നാക്കാവസ്ഥ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ജാഗ്രത സദസിൽ ചർച്ച ചെയ്യപ്പെട്ടു.

## ആൾ കേരള സിഎ അസോസിയേഷൻ: എ. മോഹനൻ പ്രസിഡന്റ്

**കൊച്ചി:** ആൾ കേരള ചാർട്ടേഡ് അക്കൗണ്ടന്റ്സ് അസോസിയേഷൻ (എകെസിഎ) പ്രസിഡന്റായി എ.മോഹനനും (എറണാകുളം) സെക്രട്ടറിയായി രഞ്ജിത്ത് വാര്യരും (എറണാകുളം) തെരഞ്ഞെടുക്കപ്പെട്ടു. മറ്റ് ഭാരവാഹികൾ: കെ.പി പോൾസൺ (വൈസ് ചെയർമാൻ), പി.ഡി വിജയരാജൻ (തൃശൂർ ട്രഷറർ). ഗവേർണിംഗ് ബോർഡ് അംഗങ്ങളായി ബാബു എബ്രഹാം കള്ളിവയലിൽ (എറണാകുളം), ജോസി തോമസ് (കോട്ടയം), കെ.കെ ആര്യൻ (തൃശൂർ), പി. ജയകൃഷ്ണൻ (കോഴിക്കോട്) എന്നിവരെയും തെരഞ്ഞെടുത്തു.




എ.മോഹനൻ, രഞ്ജിത്ത് വാര്യർ

എറണാകുളത്ത് നടന്ന സംസ്ഥാന സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ബാലൻ ആൻഡ് കമ്പനി സീനിയർ പാർട്ണറാണ് എ.മോഹനൻ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ ഫിനാൻഷ്യൽ റിപ്പോർട്ടിംഗ് ആൻഡ് റിവ്യൂ ബോർഡ് അംഗമായിരുന്നു. രഞ്ജിത്ത് വാര്യർ, രാമചന്ദ്രൻ ആൻഡ് അസോസിയേറ്റ്സ് പാർട്ണറും ഐ സി എ ഐ എറണാകുളം ബ്രാഞ്ച് മുൻ ചെയർമാനുമാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് എ കെ സി എ വാർഷിക യോഗം സർക്കാരിനോടാവശ്യപ്പെട്ടു.

സാമ്പത്തിക കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കാൻ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ചാർട്ടേഡ് അക്കൗണ്ടന്റുമാരെ ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി നിയമിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

### ദേശീയ രക്തദാന വാരാചണം

## ഭിന്നശേഷിക്കാരായ രക്തദാതാക്കൾക്ക് ആദരമൊരുക്കി ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക

**കൊച്ചി:** ജീവിത വഴിയിൽ വില്ലനായെത്തിയ വിധിയെ മനക്കരുത്തും നിശ്ചയദാർഢ്യവും കൊണ്ട് കീഴ്പ്പെടുത്തിയ ഭിന്നശേഷിക്കാരായ രക്തദാതാക്കൾക്ക് ആദരമൊരുക്കി ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക്.

അംഗവൈകല്യത്തിനു നടുവിലും രക്തദാനം മഹാദാനം എന്ന ആപ്തവാക്യം ജീവിതത്തിൽ പകർത്തിയ വൈറ്റില തൈക്കൂടം സ്വദേശി പി ആർ രാജേഷ് (42), മരട് സ്വദേശി കൃഷ്ണദാസ്( 33), തൃപ്പൂണിത്തുറ സ്വദേശി പി എം സുകുമാരൻ(55), കാസർകോട് സ്വദേശി പി കെ ദിലീപ് (24) എന്നിവരെയാണ് ദേശീയ രക്തദാന വാരാചരണത്തിന്റെ ഭാഗമായി നാളെ കലൂർ ഐ.എം.എ ഹൗസിൽ നടക്കുന്ന സമ്മേളനത്തിൽ ആദരിക്കുന്നത്.

30 വർഷം മുമ്പ് ഉണ്ടായ അപകടത്തിൽ വെച്ചാണ് രാജേഷിന്റെ കൈനഷ്ടപ്പെട്ടത്. നാളിതുവരെ 30 തവണ രാജേഷ് രക്തം ദാനം ചെയ്തു. അപകടത്തെ തുടർന്ന് അരയ്ക്ക് താഴെ തളർന്നു പോയ കൃഷ്ണദാസ് കഴിഞ്ഞ 12 വർഷമായി വീൽചെയറിലാണ് സഞ്ചരിക്കുന്നത്. ഇതുവരെ ഏഴു പ്രാവശ്യത്തിലധികം രക്തം ദാനം ചെയ്തു. 37 വർഷം മുമ്പുണ്ടായ അപകടത്തിൽ ഒരു കാൽ നഷ്ടപ്പെട്ട സുകുമാരൻ മൂന്നു മാസം കൂടുമ്പോൾ സ്ഥിരമായി രക്തം ദാനം ചെയ്യുന്നു. കാസർകോട് സ്വദേശിയും എറണാകുളം മഹാരാജാസ് കോളജിലെ പി.ജി വിദ്യാർഥിയുമായ ദിലീപ് കണ്ണുകൾക്ക് കാഴ്ചയില്ലാത്ത വ്യക്തിയാണ്.

നാളെ രാവിലെ 10 ന് നടക്കുന്ന രക്തദാന വാരാചരണ സമ്മേളനം ടി.ജെ വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക് ചെയർമാൻ ഡോ. കെ.നാരായണൻകുട്ടി അധ്യക്ഷത വഹിക്കും. മറ്റു രക്തദാതാക്കളെയും സമ്മേളനത്തിൽ ആദരിക്കും.

ടി.സി.എസ് കേരള ഹെഡ് ദിനേഷ് തമ്പി മുഖ്യപ്രഭാഷണം നടത്തും.

സെക്രട്ടറി ഡോ. എം. ഐ ജുനൈദ് റഹ്മാൻ, ഐ.എം.എ കൊച്ചിൻ പ്രസിഡന്റ് (ഇലക്ട്) ഡോ.എം.എം ഹനീഷ്, ബിപിസിഎൽ ജനറൽ മാനേജർ ജോർജ്ജ് തോമസ്,കൊച്ചിൻ ഷിപ്പ്‌യാർഡ് സി.എസ്.ആർ മുൻ ഹെഡ് പി എൻ സമ്പത്ത് കുമാർ, എച്ച്.ഡി.എഫ്.സി ബാങ്ക് കൊച്ചിൻ ഓപ്പറേഷൻസ് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ദിനേഷ്നായർ, ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക്,ഡോ.എം.നാരായണൻ, മെഡിക്കൽ ഓഫിസർ ഡോ.രമാ മേനോൻ തുങ്ങിയവർ സംസാരിക്കും.




ഓൾ ഇന്ത്യ പ്ലാസ്റ്റിക്ക് മാനുഫാക്ച്വേഴ്സ് അസ്സോസിയേഷൻ മുംബൈയിൽ സംഘടിപ്പിക്കുന്ന പ്ലാസ്റ്റിവിഷൻ 2023ന്റെ ബൂസ്റ്റർ മീറ്റ് കൊച്ചിയിൽ മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യുന്നു. പി.ജെ.മാത്യു, പി.ജെ.ജോസ്, എം.എസ്.ജോർജ്, കെ.എ.രാജേഷ്, ഹരേൻ സാംഘ്വി, മയൂർ കെ.ഷാ എന്നിവർ സമീപം

## പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് പാർക്ക് ആരംഭിക്കും : മന്ത്രി പി. രാജീവ്

**കൊച്ചി** : തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് പാർക്കുകൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നതായി മന്ത്രി പി രാജീവ്.

ഓൾ ഇന്ത്യ പ്ലാസ്റ്റിക്ക് മാനുഫാക്ച്വേഴ്സ് അസോസിയേഷൻ മുംബൈയിൽ സംഘടിപ്പിക്കുന്ന പ്ലാസ്റ്റിവിഷൻ 2023ന്റെ ബൂസ്റ്റർ മീറ്റ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് രംഗത്തെ ലോകമാതൃകകളും പുത്തൻ സാങ്കേതിക വിദ്യകളും മനസിലാക്കാൻ ഡിസംബർ ഏഴ് മുതൽ പതിനൊന്ന് വരെ മുംബൈയിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ പ്ലാസ്റ്റിക്ക് എക്സിബിഷനിൽ (പ്ലാസ്റ്റിവിഷൻ2023) നേരിട്ട് പങ്കെടുക്കുമെന്നും പി.രാജീവ് പറഞ്ഞു. വലുപ്പം കൊണ്ട് ലേകത്തെ നാലാമത്തെതും ഇന്ത്യയിലെ ഏറ്റവും വലുതുമാണ് മുംബൈയിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ പ്ലാസ്റ്റിക്ക് എക്സിബിഷൻ. ഒന്നര ലക്ഷം സ്ക്വയർ മീറ്ററാണ് വലിപ്പം. ലോകത്തിലെ മുൻ നിര പ്ലാസ്റ്റിക് മെഷിനറി, റീസൈക്ലിംഗ് മെഷിനറി, പ്രിന്റിംഗ് മെഷിനറി നിർമ്മാതാക്കളും ഈ രംഗത്തെ വിദഗ്ധരും എക്സിബിഷനിലും സെമിനാറിലും പങ്കെടുക്കും. രാജ്യത്തിന് അകത്തുനിന്നും പുറത്തുനിന്നുമായി രണ്ട് ലക്ഷത്തിലധികം പേർ പങ്കെടുക്കും.

കേരള പ്ലാസ്റ്റിക്ക് മാനുഫാക്ച്വേഴ്സ് അസ്സോസിയേഷന്റെ നേതൃത്വത്തിലാണ് കൊച്ചിയിൽ ബൂസ്റ്റർ മീറ്റ് സംഘടിപ്പിച്ചത്. ചടങ്ങിൽ അഖിലേന്ത്യ പ്ലാസ്റ്റിക്ക് മാനുഫാക്ച്വേഴ്സ് അസ്സോസിയേഷൻ മുൻ പ്രസിഡന്റ് ഹരേൻ സാംഘ്വി, കേരള പ്ലാസ്റ്റിക്ക് മാനുഫാക്ച്വേഴ് സ് അസ്സോസിയേഷൻ പ്രസിഡന്റ് എം.എസ്.ജോർജ്, കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് ജനറൽ സെക്രട്ടറി പി.ജെ.ജോസ്, സെൻട്രൽ പോളിമർ ഇൻസ്റ്റിറ്റ്യൂട്ട് മേധാവി കെ.എ.രാജേഷ്, പ്ലാസ്റ്റിവിഷൻ കേരള ചെയർമാൻ പി.ജെ.മാത്യു, മയൂർ കെ. ഷാ തുടങ്ങിയവർ പ്രസംഗിച്ചു.

## മിന്ത്ര ബിഗ് ഫാഷൻ ഫെസ്റ്റിവൽ: ഒക്ടോബർ 7 ന് ആരംഭിക്കുന്നു

**കൊച്ചി:** മിന്ത്ര ബിഗ് ഫാഷൻ ഫെസ്റ്റിവൽ ഒക്ടോബർ 7 ന് ആരംഭിക്കുന്നു.

6000ത്തിലധികം ബ്രാൻഡുകളിൽ നിന്നുള്ള 23 ലക്ഷത്തിലധികം സ്റ്റൈലുകളുമായി,ഫാഷൻ, ബ്യൂട്ടി, ലൈഫ്സ്റ്റൈൽ എന്നിവയിലുടനീളമുള്ള ഏറ്റവും വലിയ ശേഖരം വാഗ്ദാനം ചെയ്യുന്നതോടൊപ്പം ഉത്സവ കാർണിവലിൽ 8 ദശലക്ഷത്തിലധികം ഉപഭോക്താക്കൾ ഷോപ്പുചെയ്യുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# കെയർ ഹാർട്ട് അവതരിപ്പിച്ച് കെയർ ഹെൽത്ത് ഇൻഷ്വറൻസ്

**കൊച്ചി:** കെയർ ഹെൽത്ത് ഇൻഷ്വറൻസ് നിലവിൽ ഹൃദ്രോഗം ഉള്ളവരെ കൂടി കവർ ചെയ്യുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ കെയർ ഹാർട്ട് അവതരിപ്പിച്ചു.

ഹൃദ്രോഗ ചികിത്സയ്ക്ക് വിധേയരാകുന്ന ആളുകളുടെ ആവശ്യങ്ങൾ മനസിലാക്കി, അത്യാവശ്യഘട്ടങ്ങളിൽ ആവശ്യമായ കവറേജ് ഈ പ്രത്യേക പ്ലാൻ വാഗ്ദാനം ചെയ്യുന്നുവെന്ന് കെയർ ഹെൽത്ത് ഇൻഷുറൻസ് ഡിസ്ട്രിബ്യൂഷൻ ഹെഡ് അജയ് ഷാ പറഞ്ഞു.അതോടൊപ്പം തന്നെ പതിവായ ഹാർട്ട് ചെക്കപ്പുകൾ, ഹൃദയാരോഗ്യകരമായ ജീവിത ശൈലി നിലനിർത്താൻ പ്രാപ്തരാക്കുന്ന പ്രോഗ്രാമുകളിലേക്ക് പ്രവേശനം എന്നിവയും ഇതു വാഗ്ദാനം ചെയ്യുന്നു.

കെയർ ഹെൽത്ത് ഇൻഷ്വറൻസിൻറെ കെയർ ഹാർട്ട് ആശുപത്രി വാസത്തിനും സമഗ്ര കവറേജ് നൽകുന്നുണ്ട്. 30 ദിവസത്തെ പ്രീ ഹോസ്പിറ്റലൈസേഷൻ കവറേജും 60 ദിവസത്തെ പോസ്റ്റ് ഹോസ്പിറ്റലൈസേഷൻ കവറേജും ഇതിൽ ഉൾപ്പെടും. മാത്രമല്ല, ഡൊമിസിലിയറി ഹോസ്പിറ്റലൈസേഷൻ കവറേജും ഓട്ടോമാറ്റിക് റീചാർജും നോ ക്ലെയിം ബോണസും ഇതിലുണ്ട്. കൂടാതെ ആയുഷ് പോലെയുള്ള ബദൽ ചികിത്സാ രീതികൾ തെരഞ്ഞെടുക്കുന്നവർക്കും ഇൻഷ്വറൻസ് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.പണ്ട് ഹൃദയസംബന്ധമായ അസുഖങ്ങൾ പ്രായമായവരെ മാത്രം ബാധിച്ചിരുന്നുവെങ്കിൽ ഇപ്പോൾ അത് ചെറുപ്പക്കാർക്കിടയിലും കണ്ടുവരുന്ന അസുഖമായി മാറിയിരിക്കുന്നു.

അലസമായ ജീവിതശൈലി, മോശം ഭക്ഷണരീതി, മാനസികസംഘർഷം, പാരമ്പര്യം എന്നിവ ഉൾപ്പെടെ പലവിധ പ്രശ്നങ്ങളാണ് ഇതിന് കാരണമായി ചൂണ്ടിക്കാട്ടുന്നത്. ഇത്തരത്തിൽ മുൻകൂട്ടി നിശ്ചയിക്കാനാവാത്ത മെഡിക്കൽ അത്യാവശ്യങ്ങൾ മൂലം ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിയിൽ നിങ്ങളെ സുരക്ഷിതമാക്കാൻ ഒരു ഹെൽത്ത് ഇൻഷ്വറൻസിനു സാധിക്കും. ഹൃദയാരോഗ്യത്തെ കുറിച്ച് ബോധവത്ക്കരണവും പതിവ് ആരോഗ്യ പരിശോധനകൾക്കൊപ്പം പ്രതിരോധ ആരോഗ്യ സംരക്ഷണത്തിൻറെ പ്രാധാന്യവും ഊന്നിപ്പറയുന്നതിനൊപ്പം കെയർ ഹെൽത്ത് ഇൻഷ്വറൻസ് വ്യക്തികൾക്ക് അവരുടെ ആരോഗ്യത്തിനും ക്ഷേമത്തിനും ആവശ്യമായ കവറേജ് ഉറപ്പാക്കുകയും ചെയ്യുന്നുവെന്ന് അജയ് ഷാ പറഞ്ഞു.

### ദി ഗ്രേറ്റ് ഹോണ്ട ഫെസ്റ്റ് ആഘോഷം:

## ഹോണ്ട സിറ്റി, ഹോണ്ട അമേസ് എലിഗന്റ്, എലൈറ്റ് എഡിഷനുകൾ പുറത്തിറക്കുന്നു

**ന്യൂഡൽഹി:** ഇന്ത്യയിലെ പ്രീമിയം കാറുകളുടെ പ്രമുഖ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡ് (എച്ച് സി ഐ എൽ) തങ്ങളുടെ ഇടത്തരം സെഡാൻ കാറായ ഹോണ്ട സിറ്റിയുടെ 'എലിഗന്റ് എഡിഷൻ', കുടുംബ സെഡാനായ ഹോണ്ട അമേസിന്റെ 'എലൈറ്റ് എഡിഷൻ' എന്നിവ ഉത്സവ സീസണിന്റെ ഭാഗമായി പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. തീർത്തും വ്യത്യസ്തമായ ഈ പതിപ്പുകൾ പരിമിതമായ എണ്ണം മാത്രമായിരിക്കും വിതരണം ചെയ്യുക.

മാന്വൽ ട്രാൻസ്മിഷൻ (എം ടി), കണ്ട്യുനസ്ലി വേരിയബിൾ ട്രാൻസ്മിഷൻ (സി വി ടി) വേരിയന്റുകളിൽ ഇത് ലഭ്യമായിരിക്കും. ഹോണ്ട സിറ്റിയുടെ വിഗ്രേഡ്, ഹോണ്ട അമൈസിന്റെ വിഎക്സ്ഗ്രേഡ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും ഇവ. മെച്ചപ്പെടുത്തിയ പ്രീമിയം പാക്കേജോടു കൂടി വന്നെത്തുന്ന ഈ പുതിയ പതിപ്പുകൾ എല്ലാ നിറങ്ങളിലും ഉണ്ടാകുമെന്ന് ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡിന്റെ മാർക്കറ്റിങ്ങ് ആന്റ് സെയിത്സ് ഡയറക്ടറായയൂചി മുറാട്ട പറഞ്ഞു,സിറ്റിയുടേയും അമേസിന്റേയും മറ്റ് വേരിയന്റുകൾക്ക് പ്രത്യേക ഉത്സവ സീസൺ ഓഫറും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്. ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കൾക്ക് വേണ്ടി 'ദി ഗ്രേറ്റ് ഹോണ്ട ഫെസ്റ്റി'ന്റെ ഭാഗമായാണ് ഈ വാഗ്ദാനം.

ഉത്സവ കാലത്തെ ഈ പ്രോത്സാഹനങ്ങളുടെ ഭാഗമായി ഉപഭോക്താക്കൾക്ക് ആകർഷകമായ നിരവധി വാഗ്ദാനങ്ങൾ ലഭ്യമാകും. 2023 ഒക്ടോബർ 31 വരെ രാജ്യത്തുടനീളമുള്ള അംഗീകൃത ഹോണ്ട ഡീലർഷിപ്പുകളിൽ നിന്നും ഹോണ്ട കാർ വാങ്ങുമ്പോൾ ഈ വാഗ്ദാനങ്ങൾ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ഒടിടി പ്രേക്ഷകർക്കായി പുതിയ പ്ലാനുകളുമായി റിലയൻസ് ജിയോ




**കൊച്ചി/മുംബൈ :** ഒടിടി സ്ട്രീമിംഗ് ആസ്വദിക്കുന്ന ഉപയോക്താക്കൾക്കായി പുതിയ പ്രീപെയ്ഡ് പ്ലാനുകൾ അവതരിപ്പിച്ചു റിലയൻസ് ജിയോ. പുതുതായി അവതരിപ്പിച്ച ഈ ജിയോ എന്റർടൈൻമെന്റ് പ്രീപെയ്ഡ് പ്ലാനുകൾ വരിക്കാർക്ക് സീ5, സോണിലിവ് സബ്സ്ക്രിപ്ഷനുകൾ വാഗ്ദാനം ചെയ്യുന്നു.

ജിയോ സിനിമാ ആപ്പിലെയും സോണിലിവ് , സീ5 എന്നിവയിലെയും പ്രീമിയം ഉള്ളടക്കം ഉപയോക്താക്കൾക്കായി ലഭ്യമാക്കാൻ മികച്ച ആനുകൂല്യങ്ങളോടെയാണ് പ്ലാനുകൾ വരുന്നത്. സബ്സ്ക്രൈബർമാർക്കുള്ള ബില്ലിംഗ് ലളിതമാക്കി ഒടിടി ആപ്പ് സബ്സ്ക്രിപ്ഷനുകളുടെ ദൈർഘ്യം അടിസ്ഥാന പ്ലാനുകളുമായി യോജിപ്പിക്കും.

വാർഷിക പ്ലാനുകൾ തിരഞ്ഞെടുക്കുന്ന ഉപയോക്താക്കൾക്ക് ഇഎംഐ സൗകര്യവും ലഭ്യമാകും. പുതിയ പ്രീപെയ്ഡ് പ്ലാനുകൾ 2023 ഒക്ടോബർ 4 മുതൽ പ്രാബല്യത്തിലാകുമെന്ന് ജിയോ അധികൃതർ പറഞ്ഞു.365 ദിവസത്തെ വാലിഡിറ്റിയുള്ള ജിയോ 3,662 രൂപ പ്ലാനിൽ പ്രതിദിനം 2.5 ജിബി ഡാറ്റയും 64 കെബിപിഎസിൽ അൺലിമിറ്റഡ് ഡാറ്റയും വാഗ്ദാനം ചെയ്യുന്നു. ഇതിൽ അൺലിമിറ്റഡ് വോയ്സ് കോളുകൾ, അൺലിമിറ്റഡ് 5ഏ ഡാറ്റ, പ്രതിദിനം 100 എസ്എംഎസ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ, വരിക്കാർക്ക് ജിയോടിവി, ജിയോസിനിമ, ജിയോക്ലൗഡ് എന്നിവയ്ക്കൊപ്പം സോണിലിവ് , സീ5 എന്നിവയും ലഭിക്കും.

ജിയോ 3,226 രൂപ പ്ലാനിൽ പ്രതിദിനം 2 ജിബി ഡാറ്റ, അൺലിമിറ്റഡ് വോയ്സ് കോളുകൾ, അൺലിമിറ്റഡ് 5 ജി ഡാറ്റ, പ്രതിദിനം 100 എസ്എംഎസ് എന്നിവ നൽകുന്നു.

ഇതിൽ സോണിലിവ്, ജിയോടിവി, ജിയോസിനിമ, ജിയോക്ലൗഡ് എന്നിവയും ലഭിക്കും. 3,225 രൂപ പ്ലാനിൽ അൺലിമിറ്റഡ് വോയ്സ് കോളുകൾ, പ്രതിദിനം 2 ജിബി ഡാറ്റ, അൺലിമിറ്റഡ് 5 ജി ഡാറ്റ, പ്രതിദിനം 100 എസ്എംഎസ്, സീ5, ജിയോടിവി, ജിയോസിനിമ, ജിയോക്ലൗഡ് എന്നിവ ലഭിക്കും.84 ദിവസം വാലിഡിറ്റിയുള്ള പ്ലാനുകളിൽ ജിയോ എന്റർടൈൻമെന്റ് 909 പ്ലാനിൽ പ്രതിദിനം 2 ജിബി ഡാറ്റയും പ്രതിദിന പരിധിയിൽ എത്തിയതിന് ശേഷം 64 കെബിപിഎസിൽ അൺലിമിറ്റഡ് ഡാറ്റയും അൺലിമിറ്റഡ് വോയ്സ് കോളുകളും പ്രതിദിനം 100 എസ്എംഎസും നൽകുന്നു. ജിയോടിവി, ജിയോസിനിമ, ജിയോക്ലൗഡ് എന്നിവയ്ക്കൊപ്പം സോണി ലിവ്, സീ5 എന്നിവയും ഇതിൽ ഉൾപ്പെടുന്നു.ജിയോ 806 രൂപ പ്ലാനിൽ പ്രതിദിനം 2 ജിബി ഡാറ്റ, അൺലിമിറ്റഡ് വോയ്സ് കോളുകൾ, അൺലിമിറ്റഡ് 5 ജി ഡാറ്റ, പ്രതിദിനം 100 എസ്എംഎസ് എന്നിവ വാഗ്ദാനം ചെയ്യുന്നു.

വരിക്കാർക്ക് സോണിലൈവ് സബ്സ്ക്രിപ്ഷൻ ലഭിക്കും. ജിയോ 805 രൂപ പ്ലാനിൽ സീ5 സബ്സ്ക്രിപ്ഷൻ ലഭിക്കും, കൂടാതെ 806 രൂപ പ്ലാനിന്റെ അതേ സവിശേഷതകൾ വാഗ്ദാനം ചെയ്യുന്നു.

# യുവസംരംഭകർക്ക് വഴി കാട്ടാൻ ടൈ യൂണിവേഴ്സിറ്റിയുമായി ടൈ കേരള




**കൊച്ചി:** സ്റ്റാർട്ടപ്പുകളും ആശയങ്ങളുമായി രംഗത്തെത്തുന്നവർക്ക് മികച്ച മാർക്കറ്റ് ബന്ധങ്ങൾ സൃഷ്ടിക്കാൻ ടൈ യൂണിവേഴ്സിറ്റി സംരംഭകത്വ പിന്തുണാ പദ്ധതികൾ സഹായിക്കുമെന്ന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് പറഞ്ഞു. കേരള സ്റ്റാർട്ടപ്പ് മിഷനിൽ ടൈ യൂണിവേഴ്സിറ്റി ഉദ്ഘാടന പരിപാടിയിൽ മുഖ്യപ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഇൻഡസ്ട്രി മെന്ററിംഗും ഇൻഡസ്ട്രി പിന്തുണയും ടൈ യൂണിവേഴ്സിറ്റി നൽകുന്നതിലൂടെ മികച്ച സംരംഭകരെയാണ് വളർത്തിയെടുക്കാനാവുക. വ്യവസായ രംഗത്തെ പ്രമുഖരും പ്രഗത്ഭരും സഹായിക്കാൻ രംഗത്തെത്തുന്നത് പ്രോത്സാഹനജനകമാണെന്നും അദ്ദേഹം പറഞ്ഞു. ടൈ കേരള പ്രസിഡന്റ് ദാമോദർ അവനൂർ അധ്യക്ഷത വഹിച്ചു. ടൈ യൂണിവേഴ്സിറ്റി ചെയർ വിനോദിനി സുകുമാർ, കേരള സ്റ്റാർട്ടപ്പ് മിഷൻ സി ഇ ഒ അനൂപ് അംബിക, ഡോ. ജീമോൻ കോര, ജേക്കബ് ജോയ്, വിവേക് കൃഷ്ണ ഗോവിന്ദ് എന്നിവർ പ്രസംഗിച്ചു. ജോസഫ് ബാബു അനുഭവങ്ങൾ പങ്കുവെച്ചു. കോളജ് സ്റ്റാർട്ടപ്പുകളേയും സ്ഥാപകരേയും അവരുടെ സംരംഭക ആശയങ്ങളിലൂടെ പ്രായോഗികവും സുസ്ഥിരവുമായ ബിസിനസുകളായി വളർത്താൻ സഹായിക്കുന്ന ആഗോളതലത്തിലുള്ള പദ്ധതിയാണ് ടൈ യൂണിവേഴ്സിറ്റി. ബിസിനസ് ആശയമുള്ള കോളജ് വിദ്യാർഥികൾക്ക് ടൈ യൂണിവേഴ്സിറ്റി പ്രോഗ്രാമിനായി രജിസ്റ്റർ ചെയ്യാനും അവരുടെ ബിസിനസ് ആശയങ്ങൾ അവതരിപ്പിക്കാനും സാധിക്കും.

ടൈ യൂണിവേഴ്സിറ്റിയിൽ പങ്കെടുക്കുന്നവർക്ക് നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഓൺലൈൻ വർക്ക്ഷോപ്പുകളും ബൂട്ട് ക്യാമ്പുകളും മെന്ററിംഗും നൽകും.

ചാപ്റ്റർ മത്സരത്തിലെ വിജയിക്ക് വൺ ഓൺ വൺ മെന്ററിംഗ് നൽകും. വിജയിക്ക് 2024 ഏപ്രിൽ, മെയ് മാസങ്ങളിൽ സിലിക്കൺ വാലിയിൽ നടക്കുന്ന ആഗോള മത്സരത്തിൽ ടൈ കേരളയെ പ്രതിനിധീകരിച്ച് ഒരു ലക്ഷത്തിലേറെ മൂല്യമുള്ള ക്യാഷ് പ്രൈസുകൾ നേടാൻ മത്സരിക്കാനാവും.

രജിസ്ട്രേഷനായി 9645522105 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## ആപ്കോലൈറ്റ് ഓൾ പ്രൊട്ടക് എമൽഷൻ അവതരിപ്പിച്ച് ഏഷ്യൻ പെയിന്റ്സ്




**കൊച്ചി :** ഏഷ്യൻ പെയിന്റ്സ് പുതിയ ആപ്കോലൈറ്റ് ഓൾ പ്രൊട്ടക് എമൽഷൻ പെയിന്റ് പുറത്തിറക്കി. ഈ നൂതന എമൽഷന്റെ സ്റ്റെയിൻറിപ്പല്ലന്റ് വഴി ചുവരുകൾ കറരഹിതവും മനോഹരവുമാക്കുമെന്ന് കമ്പനി വാഗ്ദാനം ചെയ്യുന്നു.

ഇതിന്റെ ഭാഗമായി 'ഓട് കറേ ഓട്' എന്ന കാമ്പെയിൻ ഏഷ്യൻ പെയിന്റ്സ് അവതരിപ്പിച്ചു. ആപ്കോലൈറ്റ് ഓൾ പ്രൊട്ടെക് എമൽഷൻ പെയിന്റിന്റെ ലോട്ടസ് ഇഫക്റ്റ് ടെക്നോളജിയാണ് കാമ്പയിനിലൂടെ അവതരിപ്പിക്കുന്നത്. ലോട്ടസ് ഇഫക്റ്റ് ടെക്നോളജിയിലൂടെ ചുവരുകളിൽ ഒട്ടിപ്പിടിക്കുന്ന കറകളെ തടയുകയും അവയെ വൃത്തിയായി സൂക്ഷിക്കുകയും പുതുമയോടെ നിലനിർത്തുകയും ചെയ്യുന്നുവെന്ന് ഏഷ്യൻ പെയിന്റ്സ് ലിമിറ്റഡ് എംഡിയും സിഇഒയുമായ അമിത് സിങ്കിൾ പറഞ്ഞു.

ആപ്കോലൈറ്റ് ഓൾ പ്രോട്ടെക് ഒരു പെയിന്റ് മാത്രമല്ല, ജീവിതത്തെ സമ്പന്നമാക്കുന്ന ഏഷ്യൻ പെയിന്റ്സിന്റെ പ്രതിബദ്ധത ഉൾക്കൊണ്ട നവീനമായ ആശയം കൂടിയാണെന്നു ം അമിത് സിങ്കിൾ പറഞ്ഞു.

## ഡീമാറ്റ് അക്കൗണ്ട് തുറക്കൽ: ഡിജിറ്റലാക്കാൻ ഷെയർഖാൻ എൻഇഎസ്എൽ സഹകരണം

Sharekhan by BNP PARIBAS

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വിശ്വസനീയമായ ഓൺലൈൻ ബ്രോക്കറേജ് സ്ഥാപനങ്ങളിലൊന്നായ ഷെയർഖാൻ ഡീമാറ്റ് അക്കൗണ്ട് തുറക്കുന്നത് പൂർണമായും ഡിജിറ്റൽവത്ക്കരിക്കുന്നതിന് നാഷണൽ ഇഗവേണൻസ് സർവീസസു (എൻഇഎസ്എൽ) മായി സഹകരിക്കുന്നു.

ഇതോടെ ഡീമാറ്റ് അക്കൗണ്ട് തുറക്കുന്ന പ്രക്രിയ പൂർണമായും ഡിജിറ്റലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ബ്രോക്കറേജ് സ്ഥാപനമായി മാറുമെന്ന് ബിഎൻപി പാരിബാസ് ഷെയർഖാൻറെ സിഇഒ ജയ്ദീപ് അറോറ അഭിപ്രായപ്പെട്ടു.ഇതിലൂടെ നിലവിലുള്ള ഡിമാറ്റ് ഡെബിറ്റ്, പ്ലെഡ്ജ് ഇൻസ്ട്രക്ഷൻ (ഡിഡിപിഐ) രേഖകകളിൽ നേരിട്ട് ഒപ്പിടൽ, മുദ്രപ്പത്രവും പ്രിൻറ്ഔട്ടുകളും എടുക്കൽ തുടങ്ങിയ വിവിധ പ്രക്രിയകൾ ഒഴിവാകുന്നതിനാൽ ദശലക്ഷക്കണക്കിന് പുതിയ ഉപയോക്താക്കൾക്ക് സമയം ലാഭിക്കാൻ ഇത് പ്രയോജനപ്പെടും.

ഇത് ഡിഡിപിഐ വിവരങ്ങൾ സൂക്ഷിക്കുന്ന സംവിധാനമായും പ്രവർത്തിക്കും. ഷെയർഖാൻറെ ഡിജിറ്റൽ പദ്ധതികൾ പാരിസ്ഥിതിക സുസ്ഥിരത ലക്ഷ്യങ്ങളുമായി യോജിപ്പിച്ച് ഇന്ത്യ ഗവൺമെൻറിൻറെ ഡിജിറ്റൽ ഇന്ത്യ പരിപാടിയ്ക്ക് പിന്തുണ നൽകുന്ന നീക്കം കൂടിയാണ്.ഷെയർഖാൻറെ ഈ കടലാസ് രഹിത ഡീമാറ്റ് അക്കൗണ്ട് തുറക്കുന്ന പ്രക്രിയ മുദ്രപ്പത്രം ശേഖരിക്കൽ അടക്കമുള്ള കടലാസ് പ്രക്രിയകൾ പൂർണമായും ഒഴിവാക്കുന്നതിലൂടെ ഉപയോക്താക്കൾക്ക് എളുപ്പമാകുകയും, പരിസ്ഥിതി സുസ്ഥിരതയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നതുകൂടിയാണെന്ന് ജയ്ദീപ് അറോറ അഭിപ്രായപ്പെട്ടു. ഈ സംവിധാനം ഇപ്പോൾ സെബിയുടെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനം ഉപയോഗിക്കുന്നതിൽ വലിയ സന്തോഷമുണ്ടെന്നും എൻഇഎസ്എൽ എംഡിയും സിഇഒയുമായ ദേബജ്യോതി റേ ചൗധരി പറഞ്ഞു.

## സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

**പറവൂർ:** എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ, ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്ര ത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ഫാസ്റ്റ്ഫുഡ് ഉദ്യമി, പേപ്പർ ക്യാരി ബാഗ്, എൻവലപ്പ്, ഫയൽ നിർമ്മാണം എന്നിവയിൽ 16 ദിവസത്തെ സൗജന്യ പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പറവൂർ സഹൃദയ റീജിയനൽ ഓഫീസിൽ സഹൃദയ ഡയറക്ടർ ഫാ.ജോസ് കൊളുത്തു വെള്ളിലിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച യോഗം പറവൂർ നഗരസഭാദ്ധ്യക്ഷ ബീന ശശീധരൻ ഉത്ഘാടനം ചെയ്തു. പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകളും അവർ വിതരണം ചെയ്തു . ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം ഡയറക്ടർ ജി.രാജേഷ്, പരിശീലക മിനി മാത്യൂ , സഹൃദയ റീജിയനൽ കോഡിനേറ്റർ സെലിൻ പി.വി. എന്നിവർ ആശംസകളർപ്പിച്ചു. 42 പരിശീലനാർത്ഥികളാണ് സർട്ടിഫിക്കറ്റിന് അർഹരായത്. പ്രവർത്തനങ്ങൾക്ക് ഷെൽഫി ജോസഫ്, ലിജി വിൻസന്റ്, മഞ്ചുരാജു എന്നിവർ നേതൃത്വം നൽകി.

## രോഗികളുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിൽ ക്ലിനിക്കൽ ഡിസിഷൻ സപ്പോർട്ട് സിസ്റ്റങ്ങളുടെ പങ്ക് നിർണായകം

**കൊച്ചി:** രോഗികളുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിൽ ക്ലിനിക്കൽ ഡിസിഷൻ സപ്പോർട്ട് സിസ്റ്റങ്ങളുടെ പങ്ക് നിർണായകമെന്ന് കൊച്ചിയിൽ നടന്ന ആരോഗ്യപ്രവർത്തകരുടേയും പ്രൊഫഷണലുകളുടേയും സമ്മേളനം.

ഹരീഷ് രാമചന്ദ്രൻ, കൺട്രി ഹെഡ് ഇന്ത്യ ആൻഡ് നൈബറിംഗ് കൺട്രീസ്, ക്ലിനിക്കൽ ഇഫക്റ്റീവ്നസ്, വോൾട്ടേഴ്സ് ക്ലൂവർ ഹെൽത്ത്; ഡോ. ഗിർധർ ഗ്യാനി, ഡയറക്ടർ ജനറൽ, അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് എച്ച്പിഐ (ഇന്ത്യ); ഫാ. പോൾ കാരേടൻ, ഡയറക്ടർ, ലിസി ഹോസ്പിറ്റൽ; ഡോ. രമേഷ് കുമാർ.ആർ, ഡയറക്ടർ മെഡിക്കൽ സർവീസസ്, സീനിയർ കൺസൾട്ടന്റ്, എച്ച്ഒഡി പീഡിയാട്രിക്സ്, അപ്പോളോ അഡ്ലക്സ് ഹോസ്പിറ്റൽ തുടങ്ങി ആരോഗ്യരക്ഷാ മേഖലയിൽ നിന്നുള്ള 21 വിദഗ്ധർ പങ്കെടുത്തു. ക്ലിനിക്കൽ ഡിസിഷൻ സപ്പോർട്ട് സിസ്റ്റങ്ങൾ ഉപയോഗപ്പെടുത്തി കൈക്കൊണ്ട ഓരോ മൂന്നിലൊന്ന് തീരുമാനങ്ങളും ഗുണപരമായിരുന്നുവെന്ന് ക്ലിനിക്കൽ ഇഫക്ടീവ്നസ് ഡിവിഷൻ ഇന്ത്യ സാർക്ക് കൺട്രി ഹെഡ് ഹരീഷ് രാമചന്ദ്രൻ പറഞ്ഞു.

ജാഗരൂകരായിരിക്കുന്നതിന്റെ ക്ഷീണം അഥവാ അലർട്ട് ഫാറ്റീഗ്, ഒരു ഡോക്ടറെ താൻ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ഓർക്കുന്നതിൽ മടുപ്പുളവാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നുവെന്നും ഇത് ആത്മവിശ്വാസം നഷ്ടപ്പെടാൻ ഇടയാക്കുമെന്നും ഒരു കുറിപ്പടി എഴുതുമ്പോഴുള്ള അദ്ദേഹത്തിന്റെ മാനസികാവസ്ഥയെ പോലും ഇത് ബാധിച്ചേക്കുമെന്നും അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിലെ സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്ററും പ്രൊഫസറുമായ ഡോ. (ബ്രിഗ്) അജോയ് മേനോൻ പറഞ്ഞു. ക്ലിനിക്കൽ ഡിസിഷൻ സപ്പോർട്ട് സിസ്റ്റങ്ങളെ മെഡിക്കൽ വർക്ക്ഫ്ലോയുമായി സുഗമമായി സംയോജിപ്പിക്കുന്നതിലൂടെ അലർട്ട് ഫാറ്റീഗ് ലഘൂകരിക്കാനാകും. ഏറ്റവും പുതിയ മെഡിക്കൽ ഗവേഷണം, രോഗികളുടെ ചരിത്രം, തീരുമാനമെടുക്കൽ പ്രക്രിയയിൽ മികച്ച രീതികൾ എന്നിവയും ഇതിന്റെ ഭാഗമാണ്.



## പുതിയ ഗവേഷണ റിപ്പോർട്ട് പുറത്തുവിട്ട് കാലിഫോർണിയ ആൽമണ്ട്

**കൊച്ചി:** ബദാമുകൾ ലഘുഭക്ഷണമായി ഉപയോഗിക്കുന്നത്, ഭക്ഷണക്രമത്തിന്റെ നിലവാരം മെച്ചപ്പെടുത്തി ശരീര ഭാര പരിപാലനത്തെ സഹായിക്കുമെന്ന് പുതിയ ഗവേഷണ പഠനം. അമിതഭാരം അല്ലെങ്കിൽ പൊണ്ണത്തടി ഉള്ള ചില മുതിർന്ന വ്യക്തികളിൽ കലോറി കുറഞ്ഞ ഭക്ഷണം എന്ന നിലയിൽ ശരീരഭാരം കുറയ്ക്കുവാനും ഇത് പിന്തുണയ്ക്കുമെന്നും ഒബേസിറ്റി റിസർച്ച് ജേണലിൽ പ്രസിദ്ധീകരിച്ച ഗവേഷണ പഠന റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ഫണ്ട് ചെയ്ത ആദ്യ പഠനത്തിനായി 19 മാസത്തോളം അമിതഭാരമുള്ള 25 നും 65 വയസിനിടയിലുള്ള തിരഞ്ഞെടുക്കപ്പെട്ടവരെയാണ് നിരീക്ഷിച്ചത്.

ശരീരഭാരം പരിപാലിക്കുവാനുള്ള ഭക്ഷണ പദ്ധതിയിലേക്ക് ബദാമുകൾ കൂട്ടിച്ചേർക്കുന്നത് ഭാരം കുറയൽ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, അത് ആരോഗ്യകരവും സുസ്ഥിരവുമായ ഒരു ഭക്ഷണക്രമമായി തന്നെ മാറുകയും ചെയ്യുമെന്നാണ് കാട്ടിത്തരുന്നതെന്ന് പഠനത്തിന് നേതൃത്വം നൽകിയ യൂണിവേഴ്സിറ്റി ഓഫ് സൗത്ത് ഓസ്ട്രേലിയയിലെ അലയൻസ് ഫോർ റിസർച്ച് ആന്റ് എക്സർസൈസ്, ന്യൂട്രീഷൻ ആന്റ് ആക്റ്റിവിറ്റിയുടെ ഡയറക്ടറും പ്രൊഫസർ ഓഫ് ഹ്യൂമൻ ന്യൂട്രീഷണുമായ ഡോക്ടർ അലിസൺ കോട്സ് പറഞ്ഞു.12 മാസം നീണ്ടുനിന്ന പഠന റിപ്പോർട്ടാണ് അമേരിക്കൻ ജേണൽ ഓഫ് ക്ലിനിക്കൽ ന്യൂട്രീഷണിൽ പ്രസിദ്ധീകരിച്ചത്. ദീർഘ കാലാടിസ്ഥാനത്തിൽ ഒരു ലഘുഭക്ഷണം എന്ന നിലയിൽ ബദാമുകൾ കഴിച്ചപ്പോൾ, പതിവായി ലഘുഭക്ഷണങ്ങൾ കഴിക്കുന്ന എന്നാൽ പൊണ്ണത്തടിയില്ലാത്ത ആരോഗ്യവാന്മാരായ മുതിർന്ന വ്യക്തികളിൽ ഭാരം വർധിപ്പിക്കാതെ തന്നെ മൊത്തത്തിലുള്ള ഭക്ഷണക്രമത്തിന്റെ നിലവാരം മെച്ചപ്പെടുത്തിയെന്ന് കണ്ടെത്തിയതായി ഈ പഠനം വ്യക്തമാക്കുന്നു.

പതിവായി ബദാമുകൾ കഴിക്കുന്നത് പൊണ്ണത്തടിയിലേക്ക് നയിക്കുമെന്ന് നിരവധി ആളുകൾ തെറ്റിദ്ധരിക്കുന്നുണ്ട്. പതിവായി ബദാമുകൾ കഴിക്കുന്നത് പൊണ്ണത്തടിയിലേക്ക് നയിക്കുന്നില്ലെന്ന് ആവർത്തിച്ചുറപ്പിക്കുന്നതാണ് ഈ രണ്ട് പഠനങ്ങളെന്ന് ന്യൂട്രീഷൻ ആന്റ് വെൽനസ് കൺസൾട്ടന്റ് ഷീലാ കൃഷ്ണസ്വാമി പറഞ്ഞു.

## ഫോക്സ്‌വാഗൺ ഇന്ത്യ ഫോക്സ്ഫെസ്റ്റ് 2023 പ്രഖ്യാപിച്ചു

**കൊച്ചി:** ഫോക്സ്‌വാഗൺ ഇന്ത്യ, ഉത്സവ സീസണിനെ വരവേൽക്കുന്നതിനായി ഉപഭോക്താക്കൾക്ക് പ്രത്യേക ഓഫറുകളും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്ത് ഫോക്സ്ഫെസ്റ്റ് 2023 പ്രഖ്യാപിച്ചു. ഫെസ്റ്റിന് മുന്നോടിയായി ഫോക്സ്‌വാഗന്റെ മോഡലുകളായ ടൈഗൺ, വിർട്ടസ് എന്നിവയിൽ പുതിയ ഫീച്ചർ മെച്ചപ്പെടുത്തലുകൾ അവതരിപ്പിച്ച കമ്പനി, വിർട്ടസ് മാറ്റ് എഡിഷൻ പുറത്തിറക്കി അതിന്റെ ജിടി എഡ്ജ് ശേഖരവും വിപുലീകരിച്ചിട്ടുണ്ട്. 2023 ഒക്ടോബർ 03 മുതൽ നവംബർ 15 വരെ കമ്പനിയുടെ 189 വിൽപന കേന്ദ്രങ്ങളിലും, 133 സർവീസ് ടച്ച്പോയിന്റുകളിലുടനീളവും പ്രത്യേക ഓഫറുകളും ആകർഷകമായ ആനുകൂല്യങ്ങളും ഉപഭോക്താക്കൾക്ക് ലഭിക്കും. ഫോക്സ്ഫെസ്റ്റ് 2023 കാലയളവിൽ ബുക്കിങ്ങുകൾക്കും ടെസ്റ്റ് ഡ്രൈവുകൾക്കും ഉറപ്പായ സമ്മാനങ്ങളും ഫോക്സ്‌വാഗൺ പ്രഖ്യാപിച്ചിട്ടുണ്ട്. യഥാക്രമം ഡൈനാമിക്, പെർഫോമൻസ് ലൈനിന്റെ ടോപ്ലൈൻ, ജിടി പ്ലസ് വകഭേദങ്ങളിൽ ഈ സെഗ്മെന്റിൽ ആദ്യമായി ഇരട്ട ഇലക്ട്രിക് ഫ്രണ്ട് സീറ്റുകൾ ഫൂട്ട്വെൽ ഇല്യൂമിനേഷൻ എന്നിവയാണ് ടൈഗൺ, വിർട്ടസ് മോഡലുകളിൽ അധികമായി ചേർത്ത ഫീച്ചറുകൾ. ഇൻകാബിൻ അനുഭവം മെച്ചപ്പെടുത്തുന്നതിന് ടൈഗൺ, വിർട്ടസ് ജിടി പ്ലസ് വേരിയന്റുകളിൽ സബ്‌വൂഫറും ആംപ്ലിഫയറും അവതരിപ്പിച്ചിട്ടുണ്ട്. ഉപഭോക്താക്കൾ ഏറെ കാത്തിരുന്ന മാറ്റ് എക്സ്റ്റീരിയർ ഓപ്ഷൻ ഇപ്പോൾ ഫോക്സ്‌വാഗൺന്റെ വിർട്ടസ് കാർബൺ സ്റ്റീൽ ഗ്രേ മാറ്റിൽ ലഭ്യമാണെന്നതാണ് ഫോക്സ്ഫെസ്റ്റിന്റെ മറ്റൊരു സവിശേഷതയെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.സൗജന്യ വാഹന പരിശോധനക്കൊപ്പം നിശ്ചിത കിലോമീറ്ററുകൾക്ക് സൗജന്യ പിക്കപ്പ് ഡ്രോപ്പ് സൗകര്യം, ഫോക്സ്‌വാഗൺ അസിസ്റ്റൻസ് വഴിയുള്ള ഡോർസ്റ്റെപ്പ് സേവനങ്ങൾ, പീരിയോഡിക് അറ്റകുറ്റപ്പണികൾക്കായി മൊബൈൽ സേവന യൂണിറ്റുകൾ, സർവീസ് വാല്യൂ പാക്കേജിൽ ആകർഷകമായ ഓഫറുകൾ, വിപുലീകൃത വാറന്റി, റോഡ്സൈഡ് അസിസ്റ്റൻസ്, ടയേഴ്സ് തുടങ്ങിയ ഫോക്സ്‌വാഗൺ സേവനങ്ങളിലെല്ലാം ഓഫറുകളും ആനുകൂല്യങ്ങളും ബാധകമായിരിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ആറന്മുള ചെങ്ങന്നൂർ ഉൾനാടൻ ജലപാത യാഥാർഥ്യത്തിലേക്ക്



**കോഴഞ്ചേരി:** ആറന്മുളചെങ്ങന്നൂർ ഉൾനാടൻ ജലപാത യാഥാർഥ്യത്തിലേക്ക്. ചെങ്ങന്നൂർ മുതൽ ആറന്മുളവരെയുള്ള ജലഗതാഗതപാത സംസ്ഥാന സർക്കാർ ഉൾനാടൻ ജലഗതാഗതപാതയായി പ്രഖ്യാപിച്ചിരുന്നു. 8.5 കിലോമീറ്റർ ദൈർഘ്യമാണ് പാതയ്ക്കുള്ളത്.

പമ്പാനദിയിലൂടെയുള്ള ഈ പാതയ്ക്ക് 1920ലെ നിയമം അനുസരിച്ച് ജലാഗതഗ വകുപ്പ് അനുമതി നൽകിയിരുന്നില്ല. യാത്രാബോട്ടുകൾക്കും മറ്റും സഞ്ചാര അനുമതി തേടി ആറന്മുള വികസനസമിതി നടത്തിയ നിരന്തര ഇടപെടലുകളോടെയാണ് സഞ്ചാര അനുമതി ലഭിച്ചതെന്ന് വികസന സമിതി പ്രസിഡന്റ് പി. ആർ. രാധാകൃഷ്ണൻ പറഞ്ഞു. ഇതിനുവേണ്ടി പോർട്ട് ഡയറക്ടർ പ്രത്യേകയോഗം തന്നെ വിളിച്ചിരുന്നു.

നേരത്തെ ആലപ്പുഴയിൽ നിന്ന് ചെങ്ങന്നൂരിലേക്ക് യാത്രാബോട്ട് സർവീസുണ്ടായിരുന്നു. ചെങ്ങന്നൂർ ഇറപ്പുഴകടവിൽ ബോട്ട് ജെട്ടിയുമുണ്ട്. കാലക്രമേണ യാത്രാബോട്ടുകൾ നഷ്ടത്തിലായതോടെ ചെങ്ങന്നൂരിലേക്കുള്ള ജലയാത്രയും നിർത്തിവച്ചു. ആറന്മുള ചെങ്ങന്നൂർ പാതയിൽ മാലക്കര, ഇടയാറന്മുള, ആറാട്ടുപുഴ, എന്നിവയാണ് നിർദ്ദിഷ്ട ജെട്ടികൾ . ഇവ ആറന്മുള മണ്ഡലത്തിലും ബാക്കിയുള്ള ചെങ്ങന്നൂർ മണ്ഡലത്തിലുമാണ്.

പദ്ധതി യാഥാർഥ്യമാകുന്നതോടെ ആറന്മുള കേന്ദ്രമാക്കി ഒരു മണിക്കൂർ ബോട്ടുയാത്രയും ആറാട്ടുപുഴവരെയാണെങ്കിൽ വരട്ടാറിന്റെ ഉത്ഭവസ്ഥാനംവരെ മൂന്നുമണിക്കൂർ യാത്രയും സഞ്ചാരികൾക്കുവേണ്ടി നടത്താൻ കഴിയുമെന്നു സർക്കാരിനെയും വിനോദസഞ്ചാരവകുപ്പിനെയും അറിയിച്ചിട്ടുണ്ടെന്നു പി.ആർ. രാധാകൃഷ്ണൻ പറഞ്ഞു.

ആറന്മുള ചെങ്ങന്നൂർ പാതയിൽ മാലക്കര,ഇടയാറന്മുള, ആറാട്ടുപുഴ, എന്നിവയാണ് നിർദ്ദിഷ്ട സ്റ്റേഷനുകൾ. ഇവ ആറന്മുള മണ്ഡലത്തിലും ബാക്കിയുള്ള ചെങ്ങന്നൂർ മണ്ഡലത്തിലുമാണ്. പാത യാഥാർത്ഥ്യമായാൽ ആഭ്യന്തര വിനോദസഞ്ചാരത്തിനും ജലഗതാഗതത്തിനും ഏറെ ഗുണം ചെയ്യുമെന്നും അതുകൊണ്ടുതന്നെ സർക്കാരിന് ഈ പദ്ധതിയിൽ വളരെ താല്പര്യമുണ്ടെന്നും വികസനസമിതി പ്രസിഡൻറ് പറഞ്ഞു.

ആറന്മുളചെങ്ങന്നൂർ ജലഗതാഗത പാത യാഥാർഥ്യമാകുന്നതോടെ വിനോദ സഞ്ചാരത്തിന് അനന്തസാധ്യത ഏറും. നിലവിൽ ആറന്മുള കച്ചേരിപ്പടിക്കു മുകൾഭാഗത്തുള്ള കോയിക്കൽ കടവുവരെ ബോട്ടുകൾക്ക് വരാനാകും.നദിയിൽ വെള്ളക്കുറവുള്ള വരൾച്ച സമയത്തുപോലും സ്പീഡ്ബോട്ടുകളടക്കം ഈ ഭാഗംവരെ എത്താറുണ്ട്.

കോയിക്കൽ കടവിൽ നിന്നും നിക്ഷേപമാലി കടവുവരെ (പാർഥസാരഥി കടവിനുസമീപമുള്ള പരപ്പുഴക്കടവ്) പത്തുമീറ്റർ വീതിയിലും രണ്ടുമീറ്റർ ആഴത്തിലും ബോട്ടുചാൽ നിർമിച്ചാൽ ബോട്ടുകൾക്കു സുഗമമായി മുകളിലേക്കും എത്തിച്ചേരാൻ കഴിയും.

ബോട്ടുയാത്ര യാഥാർഥ്യമാകുന്നതോടൊപ്പം ബോട്ടുജെട്ടികളും തീരങ്ങളിൽ ഉണ്ടാകും. ആഞ്ഞിലിമൂട്ടിൽ കടവിൽ ഇറിഗേഷൻ വകുപ്പിൻറെ പുറമ്പോക്കുസ്ഥലം ഉള്ളതിനാൽ ബോട്ടുജെട്ടിനിർമാണത്തിന് ഉപയോഗപ്പെടുത്താനാകും.

ആറന്മുള വിളക്കുമാടത്ത് ബോട്ട്ജെട്ടി നിർമാണത്തിന് ആവശ്യമായ സ്ഥലം വിട്ടുനല്കാൻ വിളക്കുമാടം ട്രസ്റ്റ് തയാറാണെന്നും പി. ആർ. രാധാകൃഷ്ണൻ പറഞ്ഞു. പാത യാഥാർഥ്യമായാൽ ആലപ്പുഴ നിന്നും ആറന്മുള വരെ ജലപാത ഉപയോഗിക്കാൻ കഴിയും.

ആലപ്പുഴകുമരകം പാതയിലെക്കാളേറെ വിനോദസഞ്ചാരികൾ ഇഷ്ടപ്പെടുന്നത് ആലപ്പുഴയിലെ ഉൾനാടൻ പ്രദേശങ്ങളായ റാണി, ചിത്തിര മാർത്താണ്ഡം പാടശേഖരങ്ങൾ ഉൾപ്പെട്ട പാതയാണ്.

ഇതേപോലെ ആറന്മുള ചെങ്ങന്നൂർ പാതയും വിനോദ സഞ്ചാരികൾക്ക് ഇഷ്ടമാകുമെന്നാണ് വിലയിരുത്തൽ. പാരമ്പര്യവും ചരിത്രവും ഭക്തിയും ഉൾപ്പെട്ട പദ്ധതിയായി ഇതുമാറുമെന്നാണ് അംഗീകൃത വിനോദസഞ്ചാര ഏജൻസികൾ പറയുന്നത്.

ആറന്മുളചെങ്ങന്നൂർ പാതയിലൂടെ ആറന്മുളയിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ആറന്മുള ക്ഷേത്രം, വാസ്തുവിദ്യാ ഗുരുകുലം, പള്ളിയോടം, ആറന്മുള കണ്ണാടിയുടെ നിർമാണം, തിരുവോണത്തോണി, മാരാമൺ കൺവൻഷൻ നഗർ, പുരാതന ക്രൈസ്തവ ദേവാലയങ്ങൾ, സി. കേശവൻ സ്ക്വയർ, മധ്യതിരുവിതാംകൂറിൻറെ തനതായ സദ്യകൾ എന്നിവയും സഞ്ചാരികൾക്കു പരിചയപ്പെടാൻ കഴിയും.

അതോടൊപ്പം ആറന്മുളയിൽ നിന്നും പ്രത്യേകവാഹനത്തിൽ കോന്നിയിലേക്കുള്ള യാത്രയും വിഭാവനം ചെയ്യുന്നുണ്ട്. കോന്നിയുടെ വനദൃശ്യങ്ങളും വെള്ളച്ചാട്ടവും പദ്ധതിയുടെ ഭാഗമാകും.

# ക്ഷീര കർഷകർക്കുള്ള കറവ സംരക്ഷണ പദ്ധതി തുടങ്ങി

**പുൽപ്പള്ളി:** കാലിത്തീറ്റയുടെ വിലവർധനയും തീറ്റ വസ്തുക്കളുടെ ദൗർലഭ്യവും മൂലം ബുദ്ധിമുട്ടുന്ന ക്ഷീരകർഷകർക്ക് കറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി കാലിത്തീറ്റ വിതരണം ആരംഭിച്ചു. പുൽപ്പള്ളി പഞ്ചായത്തിൻറെ 2023 2024വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 500 ക്ഷീര കർഷകർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. പ്രതിമാസം 100 കിലോ കാലിത്തീറ്റ എന്ന ക്രമത്തിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി മൂന്നുമാസം കാലിത്തീറ്റ വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

25 ലക്ഷത്തോളം രൂപയാണ് വാർഷിക പദ്ധതിയിൽ ഈ ഇനത്തിൽ പഞ്ചായത്ത് വകയിരുത്തിയിരിക്കുന്നത്. 50 ശതമാനം തുക ഗുണഭോക്താക്കൾ അടയ്ക്കണം. പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡൻറ് ടി.എസ്. ദിലീപ് കുമാർ നിർവഹിച്ചു. വൈസ് പ്രസിഡൻറ് ശോഭന സുകു



അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ എം.ടി. കരുണാകരൻ മുഖ്യപ്രഭാഷണം നടത്തി.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജോളി നരിതൂക്കിൽ, പഞ്ചായത്തംഗങ്ങളായ ജോഷി ചാരുവേലിൽ, രാജു തോണിക്കടവ്, ബാബു കണ്ടത്തിൻകര, പുൽപ്പള്ളി ക്ഷീര സംഘം പ്രസിഡൻറ് ബൈജു നമ്പിക്കൊല്ലി എന്നിവർ പ്രസംഗിച്ചു.

പുൽപ്പള്ളി മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ ഡോ.കെ.എസ്. പ്രേമൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പി.കെ. സുനിത, അസിസ്റ്റൻറ് ഫീൽഡ് ഓഫീസർമാരായ പി.കെ. രതീഷ്, സി.ഡി. റോഷ്ന, എ.കെ. രമേശൻ, ബിനോയി ജെയിംസ്, വി.ടി. ഗോപിനാഥ്, ജീവനക്കാരായ വി.എം. ജോസഫ്, ഒ. ബേബി, പി.ജെ. മാത്യു, പി.ഇ. ബാബു, ജയാ സുരേഷ്, സിജി സാബു, ടി.എസ്. മനോജ് കുമാർ, എം. അരുൺ, പി.കെ. ദേവരാജൻ, രാജൻ തച്ചുകുഴി എന്നിവർ നേതൃത്വം നൽകി.

## ശാസ്ത്ര സാഹിത്യ പുരസ്കാരം: ഒക്ടോബർ 16 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ശാസ്ത്ര സാഹിത്യ പുരസ്കാരത്തിന് അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 16 വരെനീട്ടി.

മലയാള സാഹിത്യത്തിലൂടെ ശാസ്ത്ര വിഷയങ്ങളെ ജനകീയവത്കരിക്കുന്നതിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികൾക്കാണ് പുരസ്കാരം നൽകുന്നത്. 2022ൽ പ്രസിദ്ധീകരിച്ചതും ജനങ്ങളിൽ ശാസ്ത്രാവബോധം വളർത്താൻ സഹായകമായതും അന്വേഷണാത്മകമായതുമായ രചനകളാണ് പുരസ്കാരത്തിനു പരിഗണിക്കുന്നത്. ബാലശാസ്ത്ര സാഹിത്യം, ജനപ്രിയ ശാസ്ത്ര സാഹിത്യം, ഗഹനമായ വൈജ്ഞാനിക ശാസ്ത്ര സാഹിത്യം, ശാസ്ത്ര പത്ര പ്രവർത്തനം, ശാസ്ത്ര ഗ്രന്ഥ വിവർത്തനം (മലയാളം) എന്നീ അഞ്ചു വിഭാഗങ്ങളിലാണ് അവാർഡ്.

50,000 രൂപയും, ഫലകവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. അപേക്ഷ ഫോറവും നിബന്ധനകളും ൦൦൦.സരൈലേ.സല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ ലഭിക്കും. നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷകൾ സാഹിത്യ സൃഷ്ടികളുടെ മൂന്ന് പകർപ്പുകൾ, ബയോഡാറ്റാ, ശാസ്ത്ര സാഹിത്യ രംഗത്ത് നൽകിയിട്ടുള്ള സംഭാവനകൾ ചൂണ്ടിക്കാണിക്കുന്ന രേഖകളുടെ ശരി പകർപ്പുകൾ എന്നിവ സഹിതം ഡയറക്ടർ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം 695 004 എന്ന വിലാസത്തിൽ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kscste.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2548 402.

## സ്വയംതൊഴിൽ സംരംഭകർക്ക് ധനസഹായം: അപേക്ഷ 20 വരെ

**ആലത്തൂർ:** ബ്ലോക്ക് പരിധിയിലുള്ള പഞ്ചായത്തുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽ ദുർബല വിഭാഗങ്ങളായി കണക്കാക്കി വരുന്ന വേടൻ, നായാടി, കള്ളാടി, ചക്കിലിയൻ, അരുന്ധതിയാർ വിഭാഗങ്ങളിൽപ്പെട്ട 18 നും 50 നും മധ്യേ പ്രായമുള്ളവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായത്തിന് അപേക്ഷിക്കാം. മേൽവിഭാഗങ്ങളിൽ പെട്ട വ്യക്തിഗത തൊഴിൽ സംരംഭകർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 100 ശതമാനം സബ്സിഡിയോടെ പരമാവധി മൂന്ന് ലക്ഷം രൂപയും ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭകർക്ക് പരമാവധി അഞ്ച് ലക്ഷം രൂപയും അനുവദിക്കും. അപേക്ഷകർ ആലത്തൂർ ബ്ലോക്ക് പരിധിയിൽ സ്ഥിരതാമസക്കാരായിരിക്കണം. ഏഴാം ക്ലാസ് പാസായിരിക്കണം. ഇതിനു മുൻപ് സ്വയംതൊഴിൽ ധനസഹായം ലഭിക്കാത്തവർക്ക് അപേക്ഷിക്കാം.

അപേക്ഷകൾ ഒക്ടോബർ 20 നകം ആലത്തൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നൽകണം. കൂടുതൽ വിവരങ്ങൾക്ക് ആലത്തൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടണം. സഹായത്തിനായി പട്ടികജാതി പ്രമോട്ടർമാരെ സമീപിക്കാമെന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. ഫോൺ: 04922222133

## സെപ്തംബറിൽ 5 ലക്ഷത്തിലേറെ ബൈക്കുകൾ വിറ്റ് ഹോണ്ട ഇന്ത്യ

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) 2023 സെപ്തംബറിൽ അഞ്ചു ലക്ഷത്തിലേറെ ബൈക്കുകൾ വിൽപന നടത്തി. 2023-24 സാമ്പത്തിക വർഷത്തിലെ ഏറ്റവും ഉയർന്ന വിൽപ്പനയാണിത്. മൊത്തം 5,26,998 ബൈക്കുകളുടെ വിൽപനയാണ് ഈ വർഷം സെപ്തംബറിൽ എച്ച്എംഎസ്ഐ നടത്തിയത്. ഇതിൽ 4,91,802 ബൈക്കുകളുടെ വിൽപ്പന ആഭ്യന്തര വിപണിയിലാണ്. അതേസമയം 35,196 ബൈക്കുകൾ വിറ്റഴിച്ച് കയറ്റുമതി 19% വർധിപ്പിക്കുകയും ചെയ്തു. 2022 സെപ്തംബറിനെ അപേക്ഷിച്ച് 2% വളർച്ചയാണ് സെപ്തംബറിലെ ആകെ വിൽപ്പനയിൽ രേഖപ്പെടുത്തിയത്.ഐഎസ്എൽ ക്ലബ്ബായ മോഹൻ ബഗാൻ സൂപ്പർ ജയന്റുമായി അസോസിയേറ്റ് സ്പോൺസർ എന്ന നിലയിൽ ഹോണ്ട സഹകരണം പ്രഖ്യാപിച്ചതും 2023 സെപ്തംബറിലാണ്. കമ്പനിയുടെ മുൻനിര പ്രീമിയം മോട്ടോർസൈക്കിളായ ഗോൾഡ് വിംഗ് ടൂർ, ആക്ടിവ ലിമിറ്റഡ് എഡിഷൻ, എസ്പി125 സ്പോർട്സ് എഡിഷൻ, ഹോർനെറ്റ് 2.0, ഡിയോ 125 എന്നിവയുടെ റെപ്സോൾ എഡിഷൻ എന്നിവ അവതരിപ്പിച്ച് ഉൽപ്പന്ന ശ്രേണി വിപുലീകരിച്ചതിന് പുറമേ ഒബിഡി2 അനുസൃത സിബി300എഫ്, സിബി200എക്സ് എന്നിവയും സെപ്തംബറിൽ കമ്പനി പുറത്തിറക്കി.

രാജ്യത്തെ 11 നഗരങ്ങളിൽ റോഡ് സുരക്ഷയെ കുറിച്ച് ബോധവൽക്കരണ പ്രചാരണം, കോഴിക്കോട് ഉൾപ്പെടെയുള്ള സേഫ്റ്റി ഡ്രൈവിങ് എജ്യുക്കേഷൻ സെന്ററുകളുടെ നാലാം വാർഷികാഘോഷം, വിദ്യാഭ്യാസ മേഖലയിലെ ശ്രദ്ധേയമായ സംഭാവനകൾ കണക്കിലെടുത്ത് രാജസ്ഥാൻ സർക്കാരിന്റെ അഭിമാനകരമായ ഭാമാഷാ പുരസ്കാരം, ഇന്ത്യ ഗ്രാൻഡ്പ്രീയിയുടെ യോഗ്യതാ റൗണ്ടിൽ റെപ്സോൾ ഹോണ്ട ടീം റൈഡർമാരുടെ ശ്രദ്ധേയ പ്രകടനം എന്നിവയും സെപ്തംബറിലെ നേട്ടങ്ങളിൽ ഉൾപ്പെടും.

## ആക്സിസ് ബാങ്കിന്റെ ഓപ്പൺ അവതരിപ്പിച്ചു

**കൊച്ചി:** ബാങ്കിൻറെ ഏറ്റവും മികച്ച 15 ഡിജിറ്റൽ ബാങ്കിങ് സംവിധാനങ്ങൾ ഉൾപ്പെടുത്തിയുള്ള ഓപ്പണിന് ആക്സിസ് ബാങ്ക് തുടക്കം കുറിച്ചു. വ്യക്തിഗത സേവനങ്ങളും തടസമില്ലാത്ത ഡിജിറ്റൽ ബാങ്കിങ് അനുഭവങ്ങളും നൽകുന്ന ബാങ്കിനുള്ളിൽ തന്നെയുള്ള ഡിജിറ്റൽ ബാങ്ക് എന്ന ആക്സിസ് ബാങ്കിൻറെ നീക്കങ്ങൾക്ക് അനുസൃതമായാണ് ഓപ്പൺ അവതരിപ്പിച്ചിട്ടുള്ളതെന്ന് ക്സിസ് ബാങ്ക് ഡിജിറ്റൽ ബിസിനസ് ആൻറ് ട്രാൻസ്ഫോർമേഷൻ മേധാവിയും പ്രസിഡൻറുമായി സമീർ ഷെട്ടി പറഞ്ഞു. അത്യാധുനിക ഡിജിറ്റൽ സേവനങ്ങൾ നൽകുന്ന ഭാവിയിലേക്കുള്ള സൗകര്യങ്ങൾ ലഭ്യമായ ഈ മൊബൈൽ ആപ്ലിക്കേഷൻ അവതരിപ്പിക്കുന്നത് കൂടുതൽ മെച്ചപ്പെടുത്തിയ ഡിജിറ്റൽ സംവിധാനങ്ങൾ അവതരിപ്പിക്കുന്നതിനെ എടുത്തു കാട്ടുകയാണ്.

ഓരോ വ്യക്തിക്കും സവിശേഷമായതും തടസങ്ങൾ ഇല്ലാത്തതുമായ ബാങ്കിങ് അനുഭവങ്ങൾ ഒരു കുടക്കീഴിൽ നൽകുന്നതായിരിക്കും ആക്സിസ് ബാങ്കിൻറെ ഓപ്പൺ എന്ന് ആക്സിസ് ബാങ്ക് ഡിജിറ്റൽ ബിസിനസ് ആൻറ് ട്രാൻസ്ഫോർമേഷൻ മേധാവിയും പ്രസിഡൻറുമായി സമീർ ഷെട്ടി പറഞ്ഞു.

## ഇന്ത്യയിലേക്ക് വിമാന സർവീസുമായി ഉഗാണ്ട എയർലൈൻസ്

**കൊച്ചി:** ഇന്ത്യയിലേക്ക് നേരിട്ടുള്ള സർവീസുമായി ഉഗാണ്ട എയർലൈൻസ് പ്രവർത്തനം ആരംഭിച്ചു. ആദ്യ സർവീസ് ഒക്ടോബർ ഏഴിന് തുടങ്ങും. ഉഗാണ്ടയിലെ എന്റബ്ബെ രാജ്യാന്തര വിമാനത്താവളത്തേയും മുംബൈ ഛത്രപതി ശിവജി മഹാരാജ് രാജ്യാന്തര വിമാനത്താവളത്തേയും ബന്ധിപ്പിച്ചാണ് സർവീസ്. ആദ്യ വിമാനം (യുആർ 430) ശനിയാഴ്ച എന്റബ്ബെയിൽ നിന്ന് പ്രാദേശിക സമയം രാത്രി 8.15ന് പുറപ്പെട്ട് ഞായറാഴ്ച പുലർച്ചെ 5.55ന് മുംബൈയിൽ ഇറങ്ങും. മുംബൈയിൽ നിന്നുള്ള ആദ്യ വിമാനം (യുആർ 431) ഞായറാഴ്ച രാവിലെ 7.55 ന് പുറപ്പെട്ട് പ്രാദേശിക സമയം 12.25ന് എന്റബ്ബെയിൽ ഇറങ്ങും. ഇരു നഗരങ്ങൾക്കുമിടയിൽ ആഴ്ചയിൽ മൂന്ന് സർവീസുകളാണ് ഉള്ളത്. മുംബൈയിൽ നിന്ന് ചൊവ്വ, വ്യാഴം, ഞായർ ദിവസങ്ങളിലും എന്റബ്ബെയിൽ നിന്ന് തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിലുമാണ് സർവീസ്. എയർബസ് എ330800 നിയോ വിമാനമാണ് സർവീസിന് ഉപയോഗിക്കുക. ബിസിനസ് ക്ലാസ് 20, പ്രീമിയം ഇക്കോണമി 28, ഇക്കോണമി 210 എന്നിങ്ങനെ മൂന്ന് ക്ലാസുകളായാണ് സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നത്. അരനൂറ്റാണ്ടിനു ശേഷം ഇതാദ്യമായാണ് ഉഗാണ്ടയിൽ നിന്ന് ഇന്ത്യയിലേക്ക് നേരിട്ടുള്ള നോൺസ്റ്റോപ്പ് വിമാന സർവീസ് ആരംഭിക്കുന്നത്.

# തമിഴ്നാട് ശ്രീലങ്ക ഹൈ സ്പീഡ് പാസഞ്ചർ കപ്പൽ വിഴിഞ്ഞത്ത്



**വിഴിഞ്ഞം:** തമിഴ്നാട്ടിൽ നിന്നു ശ്രീലങ്കയിലേക്ക് വൈകാതെ ആരംഭിക്കുന്ന ഫെറി സർവീസിനുള്ള കപ്പൽ വിഴിഞ്ഞത്ത്. ശ്രീലങ്കയിലേക്ക് ട്രയൽ റണ്ണിനായി കൊച്ചിയിൽ നിന്നു പുറപ്പെട്ട ഹൈ സ്പീഡ് പാസഞ്ചർ കപ്പൽ ചെറിയപാനി മോശം കാലാവസ്ഥയെ തുടർന്നാണ് വൈകിട്ടോടെ വിഴിഞ്ഞം പഴയ വാർഫിൽ അടുപ്പിച്ചത്. പ്രധാനമന്ത്രി നരേന്ദ്രമോദി ഈയിടെ പ്രഖ്യാപിച്ച തമിഴ്നാട് നാഗപട്ടണം ശ്രീലങ്ക ട്രിങ്കോമാലി ഫെറി സർവീസിനോടനുബന്ധിച്ച പരീക്ഷണ യാത്രയ്ക്കായാണ് ഷിപ്പിങ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ കപ്പൽ തിരിച്ചത്.

ക്ഷോഭിച്ച കടലുൾപ്പെടെ മോശം കാലാവസ്ഥ കാരണം യാത്രാ മധ്യേ വിഴിഞ്ഞത്ത് അടിയന്തരമായി വിഴിഞ്ഞം തുറമുഖത്ത് അടുപ്പിക്കുകയായിരുന്നു. യാത്രക്കാരില്ലാത്ത കപ്പലിൽ ഇന്ത്യക്കാരായ 14 ക്രൂ(ജീവനക്കാർ) ഉണ്ട്. 34.91 മീറ്റർ നീളവും 9.61 മീറ്റർ വീതിയുമുണ്ട്. കേന്ദ്ര അറിയിപ്പിനെ തുടർന്ന് തുറമുഖത്ത് കപ്പൽ അടുപ്പിക്കുന്നതിന് സൗകര്യങ്ങൾ സജ്ജമാക്കിയിരുന്നതായി പോർട്ട് പർസർ എസ്.വിനുലാൽ, അസി. പോർട്ട് കൺസർവേറ്റർ എം.എസ്.അജീഷ് എന്നിവർ അറിയിച്ചു.

രാജ്യാന്തര തുറമുഖത്ത് ക്രെയിനുകളുമായി ആദ്യ കപ്പൽ എത്താൻ ദിവസങ്ങൾ മാത്രം., കപ്പലിനെ ബെർത്തിലേക്ക് അടുപ്പിക്കുന്നതിനുള്ള അനുബന്ധ ജോലികൾക്കുള്ള 4 ഡോൾഫിൻ ടഗുകളിൽ രണ്ടാമത്തേത് ഡോൾഫിൻ27 ഇന്നലെ വൈകിട്ട് വിഴിഞ്ഞത്ത് പുതിയ വർഫിൽ എത്തി. മൂന്നാമത്തെ ഡോൾഫിൻ 35 ഇന്നും നാലാമത്തേത് അടുത്ത ദിവസവും വിഴിഞ്ഞത്ത് അടുക്കും. ആദ്യ ടഗ്ഡോൾഫിൻ 12 ഏതാനും മാസം മുൻപ് വിഴിഞ്ഞത്ത് എത്തിയിരുന്നു.

ക്രെയിനുകളെയും വഹിച്ച് 15ന് തുറമുഖത്ത് അടുക്കുന്ന ഷെൻഹുവ15 എന്ന കപ്പലിനെ ബെർത്തിലേക്ക് അടുപ്പിക്കുന്ന പ്രധാന ടഗ് ഓഷ്യൻ സ്പിരിറ്റ് നേരത്തെ എത്തിയിരുന്നു.

അതിനിടെ മുംദ്ര തുറമുഖത്തുള്ള ഷെൻഹുവയിൽ നിന്നു അവിടേക്കുള്ള രണ്ടു ഷോർ ടു ഷിപ് ക്രെയിനുകൾ ഇറക്കുന്ന ജോലിക്ക് കഴിഞ്ഞ ദിവസം തുടക്കമായി.

ഇതു പൂർത്തിയാകുന്ന മുറക്ക് വൈകാതെ കപ്പൽ വിഴിഞ്ഞത്തേക്ക് തിരിക്കും എന്നാണ് സൂചന.

### ഗുരുവായൂർ റെയിൽവേ മേൽപ്പാലം

# മുഴുവൻ പ്രവൃത്തികളും ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കും




**ഗുരുവായൂർ:** റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കും. മണ്ഡലകാല ആരംഭത്തിനു മുമ്പേ മേൽപ്പാലം തുറന്ന് നൽകും. എൻ കെ അക്ബർ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന റെയിൽവേ മേൽപ്പാല അവലോകന യോഗത്തിലാണ് തീരുമാനം.

മേൽപ്പാലത്തിനു താഴെയുള്ള സ്ഥലത്ത് ഓപ്പൺ ജിം, പ്രഭാത സവാരിക്കുള്ള സംവിധാനം, ഇരിപ്പിടം എന്നിവ എംഎൽഎ ഫണ്ട് വിനിയോഗിച്ച് തയ്യാറാക്കുമെന്ന് എംഎൽഎ യോഗത്തെ അറിയിച്ചു. ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി. മേൽപ്പാലത്തിനു താഴെയുള്ള മറ്റു ഭാഗങ്ങൾ ടൈൽ വിരിച്ച് സൗന്ദര്യവത്കരണ പ്രവൃത്തികളും നടത്തി മനോഹരമാക്കും. പാലത്തിനടിവശത്ത് വെളിച്ചം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും.

അപ്രോച്ച് റോഡിന്റെ ഡി ബി എം പ്രവൃത്തികൾ ഒക്ടോബർ 11 നകം പൂർത്തീകരിക്കും. ബി സി പ്രവൃത്തികൾ, സോളാർ വൈദ്യുതീകരണം, പെയിന്റിങ്ങ്, മറ്റ് അനുബന്ധ പ്രവൃത്തികൾ ഒക്ടോബർ 30 നകം പൂർത്തീകരിക്കും. അടുത്ത അവലോകനയോഗം 18 ന് ചേരാനും തീരുമാനിച്ചു. ഗുരുവായൂർ നഗരസഭാ കോൺഫ്രൻസ് ഹാളിൽ ചേർന്ന അവലോകന യോഗത്തിൽ ഗുരുവായൂർ എസിപി കെ ജി സുരേഷ്, നഗരസഭ സെക്രട്ടറി എച്ച് അഭിലാഷ്, എഞ്ചിനീയർ ഇ ലീല, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ആർ ബി ഡി സി ഉദ്യോഗസ്ഥർ, കരാറുകാർ തുടങ്ങിയവർ പങ്കെടുത്തു.

# നിർമാണ മേഖലയിലേക്ക് ഇനി വാളയാർ ഡാം മണലും

**വാളയാർ:** ജില്ലയുടെ നിർമാണ മേഖലയ്ക്കു കരുത്തു പകരാൻ ഇനി വാളയാർ അണക്കെട്ടിലെ മണലും. സംസ്ഥാനത്തെ നിർമാണ സാമഗ്രികളുടെ ലഭ്യതക്കുറവു പരിഹരിക്കാൻ ലക്ഷ്യമിട്ടാണു വാളയാർ അണക്കെട്ടിൽ നിന്നു മണലിന്റെ വിതരണം ആരംഭിച്ചത്. അണക്കെട്ട് ആഴം കൂട്ടാനും ചെളി നീക്കാനുമായി ആരംഭിച്ച ഡാം ഡീസിൽറ്റ് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി ശേഖരിച്ച മണലിന്റെയും കളിമണ്ണിന്റെയും ആദ്യ വിൽപന എ.പ്രഭാകരൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. മണലുമായുള്ള ആദ്യ വാഹനങ്ങൾ അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു. ആദ്യ ഘട്ടത്തിൽ ശേഖരിച്ച ഒരു ലക്ഷം ക്യുബിക് മീറ്റർ മണലും കളിമണ്ണുമാണു പദ്ധതിയുടെ നടത്തിപ്പു ചുമതലയുള്ള കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപറേഷൻ (കെംഡൽ) മുഖേന വിൽപന നടത്തുന്നത്.

ചടങ്ങിൽ പഞ്ചായത്ത് അധ്യക്ഷ എൻ.പ്രസീത അധ്യക്ഷയായി.



പഞ്ചായത്ത് അംഗം ആൽബർട്ട് എസ്.കുമാർ, പാലക്കാട് ആർഡിഒ ഡി.അമൃതവല്ലി, ആർടിഒ ടി.ശശി, !ജലസേചന വകുപ്പ് സൂപ്രണ്ടിങ് എൻജിനീയർ ഷീൻ ചന്ദ്, എക്സിക്യൂട്ടീവ് എൻജിനീയർ കിരൺ ഏബ്രഹാം, കെംഡൽ പ്രോജക്ട് കോഓർഡിനേറ്റർ സാബിർ ഷംസുദ്ദീൻ എന്നിവർ പ്രസംഗിച്ചു.

ഇന്നലെ ടോക്കൺ എടുത്ത 2 ലോറികളാണു മണൽ കൊണ്ടുപോയത്. ടെൻഡർ സ്വന്തമാക്കിയ സ്വകാര്യ ഏജൻസിക്കാണു മണലിന്റെയും ചെളിയുടെയും വിൽപനച്ചുമതല.

മാനദണ്ഡങ്ങൾ പാലിച്ചു സുതാര്യമായാണു നടപടികൾ ഏകോപിപ്പിക്കുന്നത്. ഡാം ആഴം കൂട്ടാനുള്ള ജോലികൾ പുരോഗമിക്കുന്നുണ്ട്. ആകെ 10 ലക്ഷം ക്യുബിക് മീറ്റർ മണ്ണും ചെളിയുമാണു വാളയാർ ഡാമിൽ നിന്നു നീക്കം ചെയ്യുക. അവന്തിക കോൺട്രാക്ട് ലിമിറ്റഡാണു ഖനനം നടത്തി മണലും ചെളിയും വേർതിരിക്കാനുള്ള ടെൻഡർ സ്വന്തമാക്കിയിട്ടുള്ളത്. ഡാമിലെ വെള്ളത്തിന്റെ ഗുണനിലവാരം ബാധിക്കാത്ത വിധത്തിലും പരിസ്ഥിതിക്കു ദോഷകരമാകാത്ത വിധത്തിലുമാണു പദ്ധതി നടപ്പാക്കുന്നത്. മത്സ്യ കർഷകരുടെ പുനരധിവാസവും ഉറപ്പാക്കിയിട്ടുണ്ട്.

## നാല് റോഡുകളുടെ നിർമ്മാണത്തിന് 1.35 കോടി രൂപ അനുവദിച്ചു

**ചേലക്കര:** നിയോജക മണ്ഡലം എംഎൽഎ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാല് റോഡുകളുടെ നിർമ്മാണത്തിനായി 1.35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി മന്ത്രി കെ രാധാകൃഷ്ണൻ അറിയിച്ചു. തൊഴുപ്പാടം മായന്നൂർ കനാൽ റോഡ് 50 ലക്ഷം, ചേലക്കര ഗ്രാമപഞ്ചായത്തിലെ 17ാം വാർഡ് തോട്ടേക്കോട് കുണ്ടംകുളം റോഡ് 25 ലക്ഷം, മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത് 10ാം വാർഡിലെ കൊല്ലംമാക്ക് വളവ് ബൈപ്പാസ് റോഡ് 30 ലക്ഷം, പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് 1ാം വാർഡിലെ തെഞ്ചീരി തിരുവഞ്ചിക്കുഴി അമ്പലം റോഡ് 30 ലക്ഷം രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും വേഗത്തിലാക്കി റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയറിങ്ങ് വിഭാഗത്തിന് മന്ത്രി നിർദ്ദേശം നൽകി.

## ഊർജ്ജസംരക്ഷണ അവാർഡ് 2023; അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരളത്തിൽ നടപ്പിലാക്കിയ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2023 ലെ കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾക്കുള്ള അപേക്ഷ ക്ഷണിച്ചു.

വൻകിട/ഇടത്തരം/ ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, സംഘടനകൾ/ സ്ഥാപനങ്ങൾ, ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങളുടെ പ്രോത്സാഹകർ, ആർക്കിടെക്ച്ചറൽ/ ഗ്രീൻ ബിൽഡിംഗ് കൺസൾട്ടൻസി എന്നീ വിഭാഗങ്ങളിലാണ് അവാർഡുകൾ. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോറത്തിനുമായി www.keralaenergy.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പൂരിപ്പിച്ച അപേക്ഷകൾ ഒക്ടോബർ 31 നകം ecawardsemc@gmail.com എന്ന ഇമെയിലിലൂടെ സമർപ്പിക്കണം.

# കൊയ്ത്ത് ആരംഭിച്ചിട്ടും കീടനാശിനി പ്രയോഗം തീരുന്നില്ല

**നെന്മാറ:** കൊയ്ത്തു തുടങ്ങിയിട്ടും നെൽപ്പാടങ്ങളിലെ മരുന്നുതെളി അവസാനിക്കുന്നില്ല.കാലവർഷം എല്ലായിടത്തും ഒരുപോലെ എത്താത്തതിനെ തുടർന്ന് പൊടിവിതയും നടിയിലും വിവിധ സമയങ്ങളിലായി ആരംഭിച്ചതിനെ തുടർന്നാണ് നെൽപ്പാടങ്ങളിൽ നിന്ന് കീടബാധ ഒഴിയാത്തതെന്ന് കർഷകർ.

ചിലയിടങ്ങളിൽ കൊയ്ത്ത് ആരംഭിച്ചെങ്കിലും ചിലയിടത്ത് കതിർ നിരന്നു തുടങ്ങിയതേയുള്ളു. നെൽച്ചെടികളിലെ ഈ പ്രായവ്യത്യാസം കീടങ്ങൾക്ക് അടുത്തടുത്ത പാടങ്ങളിലേക്ക് മാറി പടരാൻ സൗകര്യമൊരുക്കി.

കൊയ്ത പാടങ്ങളിലെയും കതിര് മൂപ്പ് എത്തിയ പാടങ്ങളിലെ കീടങ്ങൾ മൂപ്പു കുറഞ്ഞ പാടങ്ങളിൽ കൂട്ടത്തോടെ വരുന്നത് കർഷകർക്ക് വീണ്ടും മരുന്നു തളിക്കുന്നതിന് വഴിയൊരുക്കുന്നതായി പരാതിപ്പെട്ടു.

ചാത്തമംഗലം, തിരുവഴിയാട്, തിരുത്തമ്പാടം, ചെട്ടികുളമ്പ്, മരുതഞ്ചേരി, വിത്തനശ്ശേരി പ്രദേശങ്ങളിലെ നെൽപ്പാടങ്ങളിലാണ് ഇപ്പോഴും കർഷകർ നെൽപ്പാടങ്ങളിൽ മരുന്നു തളി നടത്തിക്കൊണ്ടിരിക്കുന്നത്. രോഗബാധ ഒഴിയാത്തതിനാൽ അന്തർ വ്യാപന ശേഷിയുള്ള മരുന്നുകളാണ് കർഷകർ പ്രയോഗിക്കുന്നത്.

## ജനകീയ പങ്കാളിത്ത മില്ലറ്റ് കൃഷിക്ക് തുടക്കമായി

**പാലക്കാട്:** അന്നമാണ് ഔഷധം എന്ന ആപ്ത വാക്യം ഉയർത്തിപിടിച്ച് മില്ലറ്റ് മിഷൻ കേരളയുടെ പാലക്കാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മുതലമടയിലെ ചെമ്മണംതോട് ഗ്രൂപ്പ് ക്യാപ്റ്റൻ എ.രവീന്ദ്രൻ, രമണി കൃഷ്ണദാസ് എന്നിവരുടെ കൃഷിസ്ഥലത്ത് ജനകീയ പങ്കാളിത്തത്തോടെ ചെറുധാന്യകൃഷി വിളവ് ഇറക്കൽ പരിപാടിയ്ക്ക് തുടക്കമായി.

മില്ലറ്റ് മിഷൻ കേരളയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഒരേസമയം മില്ലറ്റ് വിത്ത് ഇറക്കുന്നതിൻറെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.

സംസ്ഥാന സർക്കാരിൻറെ ഈ വർഷത്തെ കേരകേസരി പുരസ്കാര ജേതാവ് പി. രഘുനാഥൻ വണ്ണാമട, ആദിവാസി സംരക്ഷണ സംഘം പ്രസിഡൻറ് മാരിയപ്പൻ നീളിപ്പാറയും ചേർന്ന് മില്ലറ്റ് വിത്തുകൾ വിതച്ചുകൊണ്ട് ചെറുധാന്യകൃ



ഷി ഉദ്ഘാടനം നിർവഹിച്ചു.

ഗുണമേന്മയേറിയ ചെറുധാന്യങ്ങൾ ഉല്പാദിപ്പിക്കാനാവശ്യമായ എല്ലാവിധ സാഹചര്യങ്ങളും സർക്കാരിൻറെ ഭാഗത്തുനിന്നും ഉണ്ടാവുന്നുവെന്നും അത് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ജനങ്ങൾ മുന്നോട്ടുവരണമെന്നും പി.രഘുനാഥൻ വണ്ണാമട അഭിപ്രായപ്പെട്ടു.

യോഗത്തിൽ മില്ലറ്റ് മിഷൻ കേരളയുടെ ജില്ലാ പ്രസിഡൻറ് ആറുമുഖൻ പത്തിച്ചിറ അധ്യക്ഷത വഹിച്ചു.

